സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനപ്പുറത്തെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ജൂലൈ 17 തിങ്കൾ

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

വന്ദേ ഭാരതിന് തിരൂരിൽ സ്റ്റോപ്പ്: ഹരജി സുപ്രീംകോടതി തള്ളി

ന്യൂഡൽഹി: വന്ദേ ഭാരത് എക്സ്പ്രസിന് തിരൂരിൽ സ്റ്റോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ടുള്ള ഹരജി സുപ്രീംകോടതി തള്ളി. റെയിൽവേയുടെ നയപരമായ കാര്യമാണിതെന്നും, കോടതി തീരുമാനിക്കേണ്ടതല്ലെന്നും ചൂണ്ടിക്കാട്ടിയാണ് സുപ്രീംകോടതി ഹരജി തള്ളിയത്. നേരത്തെ ഹൈകോടതിയും ഹരജി തള്ളിയിരുന്നു. തുടർന്നാണ് സുപ്രീം കോടതിയെ സമീപിച്ചത്.ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്, ജസ്റ്റിസ് പി.എസ്. നരസിംഹ, ജസ്റ്റിസ് മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ചാണ് ഹരജി പരിഗണിച്ചത്. വന്ദേഭാരതിന് തിരൂരിൽ സ്റ്റോപ്പ് അനുവദിക്കാൻ സതേൺ റെയിൽവേയോട് നിർദേശിക്കണമെന്നായിരുന്നു ആവശ്യം. ഏത് സ്റ്റോപ്പിൽ ട്രെയിൻ നിർത്തണമെന്ന് കോടതി തീരുമാനിക്കണമെന്നാണോ നിങ്ങൾ പറയുന്നത് എന്ന് ചീഫ് ജസ്റ്റിസ് ഹരജിക്കാരനോട് ചോദിച്ചു. നാളെ മറ്റാരെങ്കിലും രാജധാനി എക്സ്പ്രസിന് സ്റ്റോപ്പ് അനുവദിക്കണം എന്നാവശ്യപ്പെട്ട് എത്തിയാൽ കോടതിക്ക് എന്തുചെയ്യാനാകും. റെയിൽവേയുടെ നയപരമായ തീരുമാനമാണിതെന്ന് വ്യക്തമാക്കി ഹരജി തള്ളുകയായിരുന്നു. കേരളത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ള ജില്ലകളിലൊന്നാണ് മലപ്പുറമെന്നും യാത്രാ ആവശ്യങ്ങൾക്കായി ട്രെയിൻ സർവിസിനെ ആശ്രയിക്കുന്ന ഏറെ ആളുകളുണ്ടെന്നും ഹരജിയിൽ കാണിച്ചിരുന്നു. റെയിൽവേ ആദ്യം പുറത്തുവിട്ട സ്റ്റേഷനുകളുടെ പട്ടികയിൽ തിരൂരും ഉണ്ടായിരുന്നെന്നും പിന്നീട് ഒഴിവാക്കിയെന്നും ഇത് രാഷ്ട്രീയ കാരണങ്ങളാലാണെന്നും ഹരജിയിൽ ആരോപിച്ചിരുന്നു.

തമിഴ്നാട്ടിൽ മന്ത്രിമാരുടെ വസതികളിൽ വീണ്ടും ഇ ഡി റെയ്ഡ്

ചെന്നൈ: തമിഴ്നാട്ടിൽ മന്ത്രിമാരുടെ വസതികളിൽ വീണ്ടും ഇ ഡി റെയ്ഡ് നടത്തുന്നു. തമിഴ്നാട് ഉന്നത വിദ്യാഭ്യാസ മന്ത്രി കെ പൊന്മുടിയുടെ വീട് അടക്കം ഒൻപത് ഇടങ്ങളിലാണ് ഇ ഡിയുടെ പരിശോധന നടക്കുന്നത്. രാവിലെ ഏഴ് മണി മുതൽ ആരംഭിച്ച പരിശോധന ഇപ്പോഴും തുടരുകയാണ്.

മന്ത്രി കെ പൊന്മുടിയുടെ മകൻ ഗൗതം ശിവമണിയുടെ വീട്ടിലും ഇ ഡി പരിശോധന നടക്കുകയാണ്. വിഴുപ്പുറത്തെ സൂര്യ എഞ്ചിനീയറിംഗ് കോളേജിലും റെയ്ഡ് നടക്കുന്നുണ്ട്.

കഴിഞ്ഞ കുറച്ച് ദിവസങ്ങൾക്കു മുൻപ് തമിഴ്നാട് മന്ത്രി വി സെന്തിൽ ബാലാജിക്കും മറ്റു ചിലർക്കുമെതിരെ ഈഡി റെയ്ഡ് നടത്തിയിരുന്നു. ചെന്നൈയിലും കരൂരിലുമുള്ള ബാലാജിയുടെ സ്ഥാപനങ്ങളിലും റെയ്ഡ് നടന്നിരുന്നു. കള്ളപ്പണം വെളുപ്പിക്കൽ കേസ് പ്രകാരമാണ് ഈ ഡി റെയ്ഡ് നടത്തിയത്.ബാലാജിയുമായി അടുപ്പമുള്ളവർക്കും ആദായ നികുതി പരിശോധന നേരിടേണ്ടി വന്നിരുന്നു.2011-15കാലത്ത് ജയലളിത സർക്കാരിൽ സെന്തിൽ ബാലാജി ഗതാഗത മന്ത്രിയായിരുന്നപ്പോൾ നിയമനങ്ങൾക്ക് ഉദ്യോഗാർത്ഥികളിൽ നിന്ന് വൻ തുക കൈക്കൂലി വാങ്ങിയെന്ന കേസിലും റെയ്ഡ് നടന്നു. സെന്തിലിന്റെ സഹോദരന്റെയും മറ്റ് ബന്ധുക്കളുടെയും വീടുകളിൽ ഉൾപ്പെടെ കഴിഞ്ഞ മാസം തുടർച്ചയായ ദിവസങ്ങളിൽ ആദായ നികുതി വകുപ്പിന്റെ പരിശോധനയുണ്ടായിരുന്നു.

കേദാർനാഥ് ക്ഷേത്രത്തിൽ മൊബൈൽ ഫോണിന് വിലക്ക്; മാന്യമായ വസ്ത്രം ധരിക്കണമെന്നും നിർദേശം

ഡെറാഡൂൺ: കേദാർനാഥ് ക്ഷേത്രപരിസരത്ത് ഫോട്ടോ എടുക്കുന്നതിനും വീഡിയോ എടുക്കുന്നതിനും വിലക്ക്. വനിതാ ബ്ലോഗർ ക്ഷേത്രത്തിന് മുന്നിൽ വെച്ച് കാമുകനോട് വിവാഹാഭ്യർഥന നടത്തുന്ന വീഡിയോ വൈറലായതിനെ തുടർന്നാണ് നടപടി.

ബദരീനാഥ്-കേദാർനാഥ് ക്ഷേത്ര കമ്മിറ്റി ക്ഷേത്രപരിസരത്ത് പലയിടത്തും 'മൊബൈൽ ഫോണുമായി ക്ഷേത്രപരിസരത്ത് പ്രവേശിക്കരുത്' എന്നെഴുതിയ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. "ക്ഷേത്രത്തിനുള്ളിൽ ഏതെങ്കിലും തരത്തിലുള്ള ഫോട്ടോഗ്രാഫിയും വീഡിയോഗ്രാഫിയും കർശനമായി നിരോധിച്ചിരിക്കുന്നു. നിങ്ങൾ സിസിടിവി ക്യാമറകളുടെ നിരീക്ഷണത്തിലാണ്" എന്നാണ് മുന്നറിയിപ്പ്. മാന്യമായ വസ്ത്രങ്ങൾ ധരിക്കാനും ക്ഷേത്രപരിസരത്ത് കൂടാരങ്ങളോ ക്യാമ്പുകളോ സ്ഥാപിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കാനും ആളുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.ഉത്തരവ് പാലിക്കാത്തവർക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്നും ഹിന്ദിയിലും ഇംഗ്ലീഷിലും എഴുതിയ ബോർഡുകളിൽ പറയുന്നു.

മതപരമായ ഇടം ഒരു കൂട്ടം വിശ്വാസ സമ്പ്രദായത്തെ പിന്തുടരുന്നുണ്ടെന്നും ഭക്തർ അതിനെ ബഹുമാനിക്കണമെന്നും ശ്രീ ബദരീനാഥ്-കേദാർനാഥ് ക്ഷേത്ര കമ്മിറ്റി പ്രസിഡൻറ് അജേന്ദ്ര അജയ് പറഞ്ഞു.ബദരീനാഥ് ധാമിൽ നിന്ന് ഇതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ലെങ്കിലും അത്തരം ബോർഡുകൾ അവിടെയും സ്ഥാപിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

വന്ദേ ഭാരത് ട്രെയിനിൽ തീപിടിത്തം: യാത്രക്കാർ സുരക്ഷിതർ

ഭോപ്പാൽ- ഡൽഹി വന്ദേ ഭാരത് ട്രെയിനിന് തീപിടിച്ചപ്പോൾ

ഭോപ്പാൽ: വന്ദേഭാരത് ട്രെയിനിന് തീപിടിച്ചു. ഭോപ്പാൽ ഡൽഹി വന്ദേ ഭാരത് ട്രെയിനിനാണ് തീപ്പിടിച്ചത്. ഇന്ന് രാവിലെയാണ് സംഭവം. റാണി കമലാപതി റെയിൽവേ സ്റ്റേഷനിൽ നിന്നും ന്യൂഡൽഹിയിലെ നിസാമുദ്ദീനിലേക്ക് പുറപ്പെട്ടപ്പോഴാണ് തീപിടിത്തം ഉണ്ടായത്. കോച്ചിലെ ബാറ്ററി ബോക്സിലാണ് തീപിടിച്ചത്. അപകടത്തിൽ ആളപായം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ട്രെയിനിലെ മുഴുവൻ യാത്രക്കാരെയും ഉടൻ തന്നെ പുറത്തെത്തിച്ചിട്ടുണ്ട്.

തീപിടിത്തം ഉണ്ടായ ഉടൻ തന്നെ അഗ്നിശമനാ സേന സ്ഥലത്തെത്തുകയും, തീ അണക്കുകയുമായിരുന്നു. ഇതോടെ, വൻ അപകടമാണ് ഒഴിവായത്. കമലാപതിയിൽ നിന്ന് പുറപ്പെടുന്ന ട്രെയിൻ ഏഴ് മണിക്കൂറും 30 മിനിറ്റും കൊണ്ട് 701 കിലോമീറ്റർ ദൂരം സഞ്ചരിച്ചാണ് നിസാമുദ്ദീനിൽ എത്തിച്ചേരുക. ശനിയാഴ്ച ഒഴികെ എല്ലാ ദിവസങ്ങളിലും ഇവ സർവീസ് നടത്തുന്നതാണ്. ഈ വർഷം ഏപ്രിലിലാണ് ഭോപ്പാൽ-ഡൽഹി വന്ദേ ഭാരത് എക്സ്പ്രസ് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തത്.

യാത്രക്കാർ സുരക്ഷിതരാണെന്നും പരിശോധനകൾക്ക് ശേഷം ട്രെയിൻ യാത്ര തുടർന്നെന്നും അധികൃതർ അറിയിച്ചു.

മഅദനിക്ക് കേരളത്തിലേക്ക് മടങ്ങാം

ജാമ്യ വ്യവസ്ഥ ഇളവ് ചെയ്ത് സുപ്രീംകോടതി

ന്യൂഡൽഹി: കേരളത്തിലേക്ക് മടങ്ങാൻ പി.ഡി.പി നേതാവ് അബ്ദുൾ നാസർ മഅദനിക്ക് സുപ്രീം കോടതിയുടെ അനുമതി. ജാമ്യവ്യവസ്ഥയിൽ ഇളവ് തേടി അബ്ദുൾ നാസർ മദനി നൽകിയ ഹർജി പരിഗണിച്ചാണ് സ്ഥിരമായി കേരളത്തിലേക്ക് മടങ്ങാനുള്ള അനുമതി സുപ്രീം കോടതി നൽകിയത്. മദനിയുടെ ജാമ്യ വ്യവസ്ഥകൾ സുപ്രീം കോടതി ഇളവ് ചെയ്തിട്ടുണ്ട്.

മഅദനിക്ക് സ്വന്തം നാടായ കൊല്ലത്ത് നിൽക്കാമെന്ന് സുപ്രീംകോടതി ഉത്തരവിട്ടു. 15 ദിവസത്തിലൊരിക്കൽ അടുത്തുള്ള പോലിസ് സ്റ്റേഷനിൽ ഹാജരാകണം .ഇത് സംബന്ധിച്ച റിപ്പോർട്ട് കർണാടക പോലിസിന് കൈമാറണം. കേരളത്തിലേക്ക് മഅദനിക്ക് കർണാടക പോലിസ് അകമ്പടി നൽകേണ്ടതില്ലെന്നും സുപ്രീംകോടതി നിർദേശിച്ചിട്ടുണ്ട്. കൊല്ലം എസ്.പിയുടെ അനുമതിയോടെ ചികിത്സയ്ക്കായി എറണാകുളത്തേക്കും പോകാം. മഅദനിക്ക് കേരളത്തിൽ കർണാടക പോലിസ് അകമ്പടി നൽകേണ്ടതില്ലെന്നും സുപ്രീംകോടതി വ്യക്തമാക്കി.

മഅദനിക്കെതിരായ കേസിൽ വിചാരണനടപടികൾ പൂർത്തിയായ സാഹചര്യമാണെന്ന് സുപ്രീംകോടതി വിലയിരുത്തി. സാക്ഷി വിസ്താരമടക്കം പൂർത്തിയായതിനാൽ ഇനി മഅദനിയുടെ സാന്നിധ്യം കോടതിയിൽ ആവശ്യമില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി. ഈ സാഹചര്യത്തിലാണ് ജാമ്യവ്യവസ്ഥയിൽ ഇളവ് ആവശ്യപ്പെട്ട് മഅദനി സമർപ്പിച്ച ഹർജിയിൽ സുപ്രീംകോടതി ഉത്തരവ്.

നേരത്തെ മൂന്നുമാസം കേരളത്തിൽ കഴിയാൻ സുപ്രീംകോടതി ഇളവുനൽകിയെങ്കിലും രോഗാവസ്ഥയെ തുടർന്ന് പിതാവിനെ കാണാൻ കഴിയാതെയാണ് കർണാടകയിലേക്ക് മടങ്ങിയതെന്ന് മഅദനി സുപ്രീംകോടതിയെ അറിയിച്ചിരുന്നു. ക്രിയാറ്റിന്റെ അളവ് കൂടിവരുന്ന സാഹചര്യത്തിൽ വൃക്ക മാറ്റിവയ്ക്കാനാണ് ഡോക്ടർമാരുടെ നിർദേശമെന്നും ഈ സാഹചര്യത്തിൽ കടുത്ത ജാമ്യവ്യവസ്ഥ ഏർപ്പെടുത്തരുതെന്ന ആവശ്യവും മഅദനി കോടതിയോട് ആവശ്യപ്പെട്ടിരുന്നു.

സുപ്രീംകോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ കേരളത്തിലേക്ക് പോകണമെന്ന ആവശ്യത്തിനൊപ്പം, സുരക്ഷാ മേൽനോട്ടം കേരളാ പോലിസിനെ ഏൽപ്പിക്കണമെന്നും മദനി ആവശ്യപ്പെട്ടിരുന്നു. കർണാടക പോലിസിന്റെ സുരക്ഷാ ചെലവ് താങ്ങാനാകില്ലെന്ന കാരണം ചൂണ്ടിക്കാട്ടിയായിരുന്നു മഅദനിയുടെ ആവശ്യം. 11 ദിവസത്തെ കർണാടക പോലിസിന്റെ സുരക്ഷയ്ക്ക് മാത്രം 6.75 ലക്ഷം രൂപയാണ് ചെലവ് വന്നത്. കേരള പോലിസ് സുരക്ഷയ്ക്ക് തുക ഈടാക്കിയിട്ടില്ലെന്നും മഅദനി സത്യവാങ്മൂലത്തിൽ സുപ്രീംകോടതിയെ അറിയിച്ചു.

പ്രതിപക്ഷ പാർട്ടികളുടെ രണ്ടാം യോഗം ഇന്ന് ബംഗളൂരുവിൽ, 24 പാർട്ടികൾ പങ്കെടുക്കും

പ്രതിപക്ഷ പാർട്ടികളുടെ മീറ്റിങ്ങിന്റെ ഭാഗമായി ബംഗളൂരുവിൽ സ്ഥാപിച്ച പോസ്റ്ററുകൾ

ബംഗളൂരു: 2024ൽ നടക്കാനിരിക്കുന്ന പൊതുതെരഞ്ഞെടുപ്പിൽ ബി.ജെ.പിക്കെതിരേ വിശാല സഖ്യത്തിനായുള്ള പ്രതിപക്ഷ പാർട്ടികളുടെ രണ്ടാംയോഗം ഇന്നും നാളെയുമായി ബംഗളൂരുവിൽ ചേരും. പട്നയിൽ ചേർന്ന യോഗത്തിന്റെ തുടർച്ചയാണ് കോൺഗ്രസ് ആതിഥ്യമരുളുന്ന ബംഗളൂരു യോഗം. ബംഗളൂരുവിലെ പഞ്ചനക്ഷത്ര ഹോട്ടലിൽ സോണിയ ഗാന്ധി ഒരുക്കുന്ന അത്താഴവിരുന്നോടെയാണ് യോഗത്തിന് തുടക്കമാവുക. പട്ന യോഗത്തിൽ ദേശീയ പാർട്ടികൾക്ക് മാത്രമായിരുന്നു ക്ഷണമെങ്കിൽ, ഇത്തവണ പ്രാദേശിക പാർട്ടികൾ ഉൾപ്പെടെ 24 പാർട്ടികൾക്ക് ക്ഷണമുണ്ട്.

ഡൽഹി ഓർഡിനൻസിനെ എതിർക്കുമെന്ന് കോൺഗ്രസ് വ്യക്തമാക്കിയതോടെ എ.എ.പിയും യോഗത്തിനെത്തും. വൈകിട്ട് ആറ് മണി മുതൽ എട്ട് മണി വരെ ആദ്യ യോഗം നടക്കും. തുടർന്ന് കർണാടക മുഖ്യമന്ത്രി ഒരുക്കുന്ന വിരുന്നിൽ നേതാക്കൾ പങ്കെടുക്കും.നാളെ രാവിലെ 11 മണി മുതൽ വൈകിട്ട് നാല് മണി വരെയാണ് പ്രധാന യോഗം. സഖ്യത്തിന് പേര് നൽകുന്നതിലടക്കം നാളെ തീരുമാനമുണ്ടാകും. സീറ്റ് വിഭജനത്തിലും പ്രാഥമിക ചർച്ചയുണ്ടാകും. ഏക സിവിൽ കോഡ്, എൻസിപിയിലെ പിളർപ്പ് എന്നീ വിഷയങ്ങളിൽ എടുക്കേണ്ട നിലപാടിൽ യോഗത്തിൽ ചർച്ചയുണ്ടാകും. വരാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി വിവിധ പാർട്ടികൾ ചേർന്ന് മൂന്ന് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് ഒരു പൊതു അജണ്ടയോടെ പ്രവർത്തിക്കേണ്ടതെങ്ങനെ എന്നതിലാകും ചർച്ചകളിൽ ഊന്നൽ നൽകുക.നാല് മണിക്ക് ശേഷം പ്രതിപക്ഷ നേതൃനിരയിലെ നേതാക്കൾ സംയുക്തമായി വാർത്താസമ്മേളനം നടത്തും. 2024 ലോക്സഭാ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് കോൺഗ്രസ് സംഘടിപ്പിക്കുന്ന ഡിഎംകെ, തൃണമൂൽ, ജെഡിയു, ആർജെഡി, എൻസിപി, സിപിഎം, സിപിഐ, മുസ്ലിം ലീഗ്, കേരളാ കോൺഗ്രസ് പാർട്ടികൾ എന്നിങ്ങനെ ഇന്ന് ഉച്ചയോടെ മമതാ ബാനർജി, നിതീഷ് കുമാർ, തേജസ്വി യാദവ്, അഖിലേഷ് യാദവ്, എം കെ സ്റ്റാലിൻ എന്നിവരടക്കമുള്ള നേതാക്കൾ ബെംഗളൂരുവിൽ എത്തിച്ചേരും.

സോണിയാ ഗാന്ധിയും രാഹുൽ ഗാന്ധിയും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയും അടക്കമുള്ള നേതാക്കൾ രാവിലെ തന്നെ എത്തും. രാവിലെ 11 മണിക്ക് യോഗനടപടികൾ വിശദീകരിക്കാൻ എഐസിസി ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ വാർത്താസമ്മേളനം വിളിച്ചിട്ടുണ്ട്. 2024 ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപിയെ നേരിടാൻ വേണ്ട തന്ത്രങ്ങൾ യോഗത്തിൽ ചർച്ചയാകും.പ്രാദേശിക പാർട്ടികളുടെ പിന്തുണ വേണമെന്ന അടിസ്ഥാനത്തിൽ പ്രാദേശിക നേതൃത്വങ്ങളെയും യോഗത്തിലേക്ക് കോൺഗ്രസ് ക്ഷണിച്ചിട്ടുണ്ട്. കേരള കോൺഗ്രസ്, കേരള കോൺഗ്രസ്(ജെ), ആർ.എസ്.പി, വൈകോയുടെ എംഡിഎംകെ, ഫോർവേർഡ് ബ്ലോക്ക്, കൊങ്കുനാട് മക്കൾ ദേശീയ കക്ഷി, വിടുതലൈ ചിരുതൈകൾ കക്ഷി, മുസ്ലിം ലീഗ് എന്നീ പ്രാദേശിക കക്ഷികളെയാണ് യോഗത്തിലേക്ക് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ക്ഷണിച്ചിരിക്കുന്നത്. ഉത്തർപ്രദേശിലെ കുർമി സമുദായത്തിന്റെ രാഷ്ട്രീയ പാർട്ടിയായ അപ്ന ദൾ, തമിഴ്നാട്ടിൽ നിന്നുള്ള മനിതനേയ മക്കൾ കക്ഷി എന്നീ കക്ഷികൾക്കും ക്ഷണമുണ്ട്. ഡൽഹി ഓർഡിനൻസ് വിഷയത്തിൽ കോൺഗ്രസിന്റെ പിന്തുണ ലഭിച്ച സാഹചര്യത്തിൽ ആം ആദ്മി പാർട്ടിയും യോഗത്തിൽ പങ്കെടുക്കും.

ആം ആദ്മി പാർട്ടിയുടെ രാഷ്ട്രീയകാര്യ സമിതി ഞായറാഴ്ച ഡൽഹിയിൽ ചേർന്ന യോഗത്തിൽ ഇത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിരുന്നു.

കെ.എം ബഷീർ കേസിൽ നരഹത്യാക്കുറ്റം നിലനിൽക്കില്ലെന്ന് ശ്രീറാം വെങ്കിട്ടരാമൻ സുപ്രീംകോടതിയിൽ

തിരുവനന്തപുരം: മാധ്യമപ്രവർത്തകൻ കെ.എം ബഷീറിനെ വാഹനമിടിച്ച് കൊലപ്പെടുത്തിയ കേസിൽ തനിക്കെതിരെ നരഹത്യാക്കുറ്റം നിലനിൽക്കില്ലെന്ന് ശ്രീറാം വെങ്കിട്ടരാമൻ. നരഹത്യക്കുറ്റം നിലനിൽക്കുമെന്ന ഹൈക്കോടതി വിധിക്കെതിരെയാണ് സുപ്രീം കോടതിയെ സമീപിച്ചിരിക്കുന്നത്. തനിക്കെതിരേ നരഹത്യക്കുറ്റം ചുമത്താൻ തെളിവില്ലെന്ന് കോടതിയിൽ സമർപ്പിച്ച അപ്പീലിൽ പറയുന്നത്. സർക്കാരിന്റെ റിവിഷൻ ഹർജി അംഗീകരിച്ചുകൊണ്ടായിരുന്നു നേരത്തെ ഹൈക്കോടതിയിൽ നിന്ന് ഇത്തരത്തിൽ നരഹത്യക്കുറ്റം നിലനിൽക്കുമെന്ന ഉത്തരവ് ഉണ്ടായത്. ഈ വിധിക്കെതിരെയാണ് ഇപ്പോൾ ശ്രീറാം വെങ്കിട്ടരാമൻ സുപ്രീം കോടതിയെ സമീപിച്ചിരിക്കുന്നത്.

അന്വേഷണ സംഘം സമർപ്പിച്ച കുറ്റപത്രത്തിലെ ശാസ്ത്രീയ പരിശോധന റിപ്പോർട്ടിൽ ശരീരത്തിൽ മദ്യത്തിന്റെ അംശമില്ലെന്നുമായിരുന്നു ശ്രീറാം വെങ്കിട്ടരാമൻ പറയുന്നത്. മാത്രമല്ല, ഇതൊരു സാധാരണ മോട്ടോർ വകുപ്പ് പ്രകാരമുള്ള കേസ് മാത്രമാണെന്നുമാണ് ശ്രീറാം വാദിക്കുന്നത്. കൂടാതെ തനിക്കെതിരെയുള്ള കേസിന് പിന്നിൽ വലിയ രീതിയിലുള്ള മാധ്യമ സമ്മർദ്ദമുണ്ടെന്നും തെളിവുകളില്ലാതെയാണ് തനിക്കെതിരെ നരഹത്യാക്കുറ്റം ചുമത്താം എന്നുള്ള ഹൈക്കോടതിയുടെ വിധി എന്നുള്ള കാര്യമാണ് സുപ്രീം കോടതിയെ അപ്പീലിൽ ശ്രീറാം വെങ്കിട്ടരാമൻ വ്യക്തമാക്കിയിരിക്കുന്നത്.

നരഹത്യ കുറ്റം ഒഴിവാക്കിയ സെഷൻസ് കോടതി നടപടിക്കെതിരേ സംസ്ഥാന സർക്കാർ നൽകിയ അപ്പീലിലായിരുന്നു ഹൈക്കോടതി ഉത്തരവ്. സെഷൻ കോടതിയുത്തരവ് ഹൈക്കോടതി ഭാഗികമായി റദ്ദാക്കി.

പ്രഥമദൃഷ്ട്യാ വാഹനം അമിത വേഗതയിലായിരുന്നുവെന്ന് കോടതി നിരീക്ഷിച്ചു. വാഹനമോടിച്ചത് മദ്യപിച്ചതിന് ശേഷമാണെന്നും പ്രതി ശ്രീറാം വെങ്കിട്ടരാമൻ തെളിവ് നശിപ്പിക്കാൻ ശ്രമിച്ചുവെന്നും കോടതി വിധിയിൽ പരാമർശിച്ചു. 2019 ആഗസ്റ്റ് മൂന്നിനാണ് കെ.എം ബഷീർ ശ്രീറാം ഓടിച്ച വാഹനമിടിച്ച് കൊല്ലപ്പെടുന്നത്.

ശ്രീറാം വെങ്കിട്ടരാമനെതിരെ പോലിസ് ചുമത്തിയ നരഹത്യാക്കുറ്റം ഒഴിവാക്കിയ സെഷൻസ് കോടതി ഉത്തരവ് ചോദ്യം ചെയ്താണ് സംസ്ഥാന സർക്കാർ ഹൈക്കോടതിയെ സമീപിച്ചത്. കജഇ 304, 201 കുറ്റങ്ങൾ പ്രകാരം ശ്രീറാമിനെ വിചാരണ ചെയ്യാമെന്നായിരുന്നു ഹൈക്കോടതിയുടെ കണ്ടെത്തൽ.

നരഹത്യാക്കുറ്റം ചുമത്തിയ മുന്നൂറ്റിനാലാം വകുപ്പിലെ രണ്ടാം ഖണ്ഡിക ശ്രീറാമിനെതിരെ നിലനിൽക്കുമെന്ന് ഉത്തരവിലുണ്ടായിരുന്നു.

കേരളത്തിൽ 5 മെഡിക്കൽ കോളജുകളിൽ നഴ്സിങ് കോളജ് തുടങ്ങുന്നു

കേരളത്തിൽ 5 നഴ്സിംഗ് കോളജുകൾക്ക് അനുമതി. പത്തനംതിട്ട, ഇടുക്കി, വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ നഴ്സിങ് കോളജ് ആരംഭിക്കും. കിടത്തിച്ചികിത്സ ആരംഭിക്കാത്തതും ഇനിയും സ്ഥലം ഏറ്റെടുക്കാത്തതുമായ രണ്ടെണ്ണം ഉൾപ്പെടെ 5 മെഡിക്കൽ കോളജുകളുടെ ഭാഗമായി നഴ്സിങ് കോളജ് ആരംഭിക്കാൻ ആരോഗ്യവകുപ്പ് തീരുമാനിച്ചു. 5 നഴ്സിങ് കോളജുകൾ ആരംഭിക്കാൻ ബജറ്റിൽ 20 കോടി രൂപ നീക്കിവച്ചതിന്റെ ആദ്യപടിയാണിത്.

നാഷനൽ മെഡിക്കൽ കമ്മിഷന്റെ അനുമതി ലഭിക്കുന്ന മുറയ്ക്കു വയനാട്, കാസർകോട് മെഡിക്കൽ കോളജുകളുടെ പ്രവർത്തനം ആരംഭിക്കുമെന്നാണ് ഉത്തരവിലുള്ളത്. കാസർഗോഡ് നിർമാണം എങ്ങുമെത്തിയിട്ടില്ല. കിടത്തിച്ചികിത്സ ആരംഭിച്ചാൽ മാത്രമേ മെഡിക്കൽ കമ്മിഷന്റെ അനുമതി തേടാനാകൂ.

ഉത്തരാഖണ്ഡിൽ ശക്തമായ മഴ; 13 ജില്ലകളിൽ ഇന്ന് ഓറഞ്ച് അലർട്ട്

ഡെറാഡൂൺ: ശക്തമായ മഴ തുടരുന്ന സംസ്ഥാനത്ത് 13 ജില്ലകളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. ഇന്നും അതിശക്തമായ മഴ തുടരുന്ന സാഹചര്യത്തിലാണ് ഡെറാഡൂൺ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചത്.മഴക്കെടുതിയിൽ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ ഗതാഗതം പൂർണമായും തടസ്സപ്പെട്ടു നിലവിൽ, മഴ കനത്തതോടെ അളകനന്ദ നദിയിലെ അണക്കെട്ട് തുറന്നിട്ടുണ്ട്. ഇതോടെ, ദേവപ്രയാഗിലും, ഹരിദ്വാറിലും കനത്ത ജാഗ്രത നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റെ ഏറ്റവും പുതിയ അറിയിപ്പ് പ്രകാരം, അടുത്ത അഞ്ച് ദിവസങ്ങളിൽ ഉത്തരാഖണ്ഡ്, ഹിമാചൽ പ്രദേശ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ കനത്ത മഴ അനുഭവപ്പെട്ടേക്കും.അണക്കെട്ടുകൾ പലതും തുറക്കുന്നതിനാൽ, ഗംഗ ഉൾപ്പെടെയുള്ള നിരവധി നദികൾ അപകട രേഖയ്ക്ക് അടുത്തെത്തിയിരിക്കുകയാണ്. നിലവിൽ, ചമോലി ജില്ലയിലെ ജോഷിമഠിലെ നിതി ഘാട്ടിയിൽ ഗിർഥി ഗംഗാ നദിയിലേക്ക് ഉയർന്ന അളവിൽ മാലിന്യം ഒഴുകിയെത്തുന്നുണ്ട്. ഇതിനെ തുടർന്ന് ജോഷിമഠ്-മലരി റോഡിലെ പാലത്തിന്റെ അബട്ട്മെന്റ് തകർന്നിരിക്കുകയാണ്. കഴിഞ്ഞ ദിവസം ഉണ്ടായ അതിതീവ്ര മഴയിൽ ഉത്തരാഖണ്ഡിലെ പലയിടത്തും മണ്ണിടിച്ചിൽ ഉണ്ടായിട്ടുണ്ട്.

സെക്രട്ടേറിയറ്റിൽ ജീവനക്കാർക്ക് ഇനി പാട്ടുകേട്ട് ജോലിയെടുക്കാം

തിരുവനന്തപുരം: ഫയലുകൾ നോക്കി ചടഞ്ഞിരിക്കുന്ന സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് ഉന്മേഷം കിട്ടാൻ അടവുകളുമായി സർക്കാർ. ജീവനക്കാർക്ക് പാട്ടുകേട്ട് ജോലിയെടുക്കാനുള്ള അവസരമൊരുക്കാനാണ് തീരുമാനം. ആദ്യഘട്ടമെന്ന നിലയിൽ പൊതുഭരണവകുപ്പിലെ എ.ഐ.എസ് വിഭാഗത്തിൽ മ്യൂസിക് സിസ്റ്റം സ്ഥാപിക്കാൻ 13,440 രൂപ അനുവദിച്ച് ഉത്തരവിറക്കി. പൊതുഭരണ വകുപ്പ് ഹൗസ് കീപ്പിങ് സെൽ ആണ് ഈ മാസം 14ന് ഉത്തരവിറക്കിയത്. ആദ്യമായാണ് ഇത്തരം ഒരു അനുമതി ലഭിക്കുന്നത്. മുഖ്യമന്ത്രി പിണറായി വിജയനു കീഴിലുള്ള വകുപ്പിലാണ് പുതിയ പരീക്ഷണം എന്നതും ശ്രദ്ധേയമാണ്. സിവിൽ സർവീസ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്ന എ.ഐ.എസ് വകുപ്പിലാണ് മ്യൂസിക് സിസ്റ്റം ആദ്യമായി എത്തുന്നത്. ചീഫ് സെക്രട്ടറിയുടെ ഓഫിസിന് സമീപത്താണ് എ.ഐ.എസ് സെക്ഷൻ സ്ഥിതിചെയ്യുന്നത്. സെക്രട്ടേറിയേറ്റിലെ 43 വകുപ്പുകളിലെ എല്ലാ സെക്ഷനുകളിലും മ്യൂസിക് സിസ്റ്റം സ്ഥാപിക്കണമെങ്കിൽ ഒരു കോടിക്ക് മുകളിൽ ചെലവാകുമെന്നാണ് കണക്കുകൾ പറയുന്നത്.

എഐ തട്ടിപ്പ്: 40,000 രൂപ തിരിച്ചുപിടിച്ച് പോലീസിന്റെ മിന്നൽ നീക്കം, മുന്നറിയിപ്പുമായി സൈബർ വിഭാഗം



തിരുവനന്തപുരം: കോഴിക്കോട് നിർമ്മിതബുദ്ധി (എഐ) സാങ്കേതിക വിദ്യ ഉപയോഗിച്ച് പണം തട്ടിയ സംഭവത്തിൽ നഷ്ടമായ പണം തിരിച്ചു പിടിച്ചു സൈബർ പോലീസ്. നിർമിത ബുദ്ധി ഉപയോഗിച്ച് വ്യാജ വീഡിയോ കോളിലൂടെ പണംതട്ടിയ സംഭവത്തിൽ പരാതിക്കാരന് നഷ്ടപ്പെട്ട 40,000 രൂപ കേരള പോലീസ് സൈബർ വിഭാഗം തിരിച്ചു പിടിച്ചതായി പോലീസ് അറിയിച്ചു.കോഴിക്കോട് സ്വദേശി രാധാകൃഷ്ണനെ വാട്സാപ്പ് വീഡിയോ കോളിലൂടെ സുഹൃത്താണെന്ന് തെറ്റിദ്ധരിപ്പിച്ചാണ് 40000 രൂപ തട്ടിയെടുത്തത്. ആന്ധ്രാപ്രദേശിൽ ഒപ്പം ജോലി ചെയ്തിരുന്ന ആളുമായി സാദൃശ്യമുള്ള രൂപമാണ് വീഡിയോകോളിൽ കണ്ടത്. മാത്രമല്ല പരിചയമുള്ള ആളുകളുടെ പേരുകൾ പറഞ്ഞു വിശ്വസിപ്പിക്കുകയും ചെയ്തു. താൻ ഇപ്പോൾ ദുബായിലാണെന്നും ബന്ധുവിന്റെ ചികിത്സക്കായി പണം അത്യാവശ്യമാണെന്നും നാട്ടിൽ എത്തിയാലുടൻ തിരിച്ചു നൽകാമെന്നും പറഞ്ഞായിരുന്നു തട്ടിപ്പ്.ആദ്യം 40,000 രൂപ ആവശ്യപ്പെട്ടയാൾ വീണ്ടും 35,000 രൂപ ആവശ്യപ്പെട്ടപ്പോൾ സംശയം തോന്നുകയും യഥാർത്ഥ സുഹൃത്തിനെ ബന്ധപ്പെട്ടപ്പോഴാണ് തട്ടിപ്പിനിരയായ വിവരം മനസിലായത്. കേരളാ സൈബർ ഹെൽപ് ലൈൻ നമ്പരായ 1930ൽ രജിസ്റ്റർ ചെയ്ത പരാതിയുടെ അടിസ്ഥാനത്തിൽ രാധാകൃഷ്ണന് നഷ്ടപ്പെട്ട മുഴുവൻ തുകയും കേരള പോലീസിന്റെ സൈബർ ഓപ്പറേഷൻ വിഭാഗം ബാങ്കുകളുടെ സഹായത്തോടെ തട്ടിപ്പുകാരിൽനിന്ന് തിരിച്ചു പിടിക്കുകയായിരുന്നു. കേരളത്തിൽ ആദ്യമായി റിപ്പോർട്ട് ചെയ്യപ്പെട്ട ഈ തട്ടിപ്പിന്റെ അന്വേഷണത്തിലാണ് സൈബർ ഓപ്പറേഷൻ വിഭാഗത്തിന്റെ നേട്ടം.

കുടുംബ വഴക്കിനെ തുടർന്ന് വീട്ടമ്മയെ വെട്ടിക്കൊന്നു

തിരുവനന്തപുരം: കുടുംബ വഴക്കിനെ തുടർന്ന് വീട്ടമ്മയെ വെട്ടിക്കൊന്നു. വർക്കല കളത്തറ സ്വദേശിനി 56 വയസുള്ള ലീനാമണിയാണ് കൊല്ലപ്പെട്ടത്. വർക്കലയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ലീനയുടെ ഭർത്താവിന്റെ സഹോദരന്മാരാണ് വെട്ടിയതെന്നാണ് ബന്ധുക്കൾ പറയുന്നത്. വസ്തുതർക്കത്തെ തുടർന്നായിരുന്നു ആക്രമണം. പ്രതികൾക്ക് വേണ്ടി ഉള്ള അന്വേഷണം പോലീസ് തുടങ്ങി.

മൂവാറ്റുപുഴയിൽ ഭർതൃമാതാവിനെ മരുമകൾ വെട്ടിക്കൊന്നു. ആമ്പല്ലൂർ ലക്ഷംവീട് കോളനിയിലാണ് സംഭവം. നീലന്താനത്ത് അമ്മിണി (82) ആണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ മരുമകൾ പങ്കജത്തിനെ പൊലീസ് അറസ്റ്റ് ചെയ്തു. പ്രതി മാനസിക രോഗത്തിന് ചികിത്സയുള്ള യാളാണെന്ന് പൊലീസ് പറയുന്നു. രാത്രി പത്തരയോടെയാണ് നാടിനെ നടുക്കിയ സംഭവം.

ഭർതൃമാതാവായ അമ്മിണിയെ വെട്ടിക്കൊന്നതിന് ശേഷം മരുമകൾ തൊട്ടടുത്തുള്ള സഹോദരന്റെ വീട്ടിലെത്തി കാര്യം പറയുകയായിരുന്നു. തുടർന്ന് വീട്ടിലേക്ക് എല്ലാവരും ഓടിയെത്തി. അപ്പോഴേക്കും മരണം സംഭവിച്ചിരുന്നു. അമ്മിണിയെ മൂവാറ്റുപുഴ ആശുപത്രിയിലേക്കെത്തിച്ചെങ്കിലും മരണം സംഭവിച്ചു. നിലവിൽ മൃതദേഹം മൂവാറ്റുപുഴ ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്. പോസ്റ്റ് മോർട്ടത്തിന് ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുനൽകും.

വർഷങ്ങളായി മാനസിക രോഗത്തിന് ചികിത്സ തേടിയിരുന്നയാളാണ് പ്രതിയായ പങ്കജം എന്ന് പൊലീസ് പറഞ്ഞു. പ്രതിയുടെ മെഡിക്കൽ പരിശോധനകളെല്ലാം പൂർത്തിയായിട്ടുണ്ട്. അതേ സമയം, കൊലപാതകത്തിന് മറ്റേതെങ്കിലും ഇടപെടൽ ഉണ്ടായിട്ടുണ്ടോ എന്ന് പൊലീസ് പരിശോധിച്ച് വരികയാണ്. പത്തനംതിട്ട റാന്നി കീക്കൊഴൂരിൽ ഒപ്പം താമസിച്ചിരുന്ന യുവതിയെ യുവാവ് വെട്ടിക്കൊന്നു. 28 വയസുകാരി രജിതയാണ് കൊല്ലപ്പെട്ടത്. ഒപ്പം താമസിച്ചിരുന്ന അതുൽ സത്യൻ എന്ന ആളാണ് യുവതിയെ വെട്ടി കൊലപ്പെടുത്തിയത്. അക്രമം തടയാൻ ശ്രമിച്ച യുവതിയുടെ അച്ഛൻ, അമ്മ , അനുജത്തി എന്നിവർക്കും വെട്ടേറ്റു.

കൈക്കൂലി; പിടിയിലായ ഉദ്യോഗസ്ഥന്റെ വീട്ടിൽ നിന്ന് 60000 രൂപ പിടിച്ചെടുത്തു

അന്വേഷണ ഉദ്യോഗസ്ഥർ ഉദയകുമാറുമായി തെളിവെടുപ്പ് നടത്തുന്നു

തിരുവനന്തപുരം: കൈക്കൂലി കേസിൽ വിജിലൻസ് പിടിയിലായ കെഎസ്ആർടിസി ഡപ്യൂട്ടി ജനറൽ മാനേജർ സി. ഉദയകുമാറിന്റെ വീട്ടിൽ നിന്ന് അറുപതിനായിരം രൂപ കണ്ടെടുത്തു. ഉദയകുമാറിന്റെ ഉടമസ്ഥതയിലുള്ള ഇന്നോവ കാറിലാണ് പണം ഒളിപ്പിച്ചിരുന്നത്.

ഇന്നലെ കസ്റ്റഡിയിലെടുത്ത ഉദയകുമാറിനെ വിശദമായി ചോദ്യം ചെയ്ത ശേഷമാണ് വിജിലൻസ് സംഘം, ഇയാളുടെ കുമാരപുരത്തുള്ള വീട്ടിൽ പരിശോധന നടത്തിയത്. ഈ പരിശോധനയിലാണ് കാറിനുള്ളിൽ ഒളിപ്പിച്ചിരുന്ന പണം കണ്ടെത്തിയത്.

പരാതിക്കാരനായ കാരാറുകാരനിൽ നിന്ന് കൈക്കൂലിയായി വാങ്ങിയ പണമാണ് കാറിനുള്ളിലുണ്ടായിരുന്നതെന്ന് ഉദയകുമാർ വിജിലൻസിനോട് സമ്മതിച്ചു. ആദ്യ നാൽപ്പതിനായിരം രൂപയും രണ്ടാമത് മുപ്പതിനായിരം രൂപയുമാണ് പരാതിക്കാരനിൽ നിന്ന് വാങ്ങിയത്. വീടിനുള്ളിലെ പരിശോധനയിൽ മറ്റൊന്നും കണ്ടെത്തിയിട്ടില്ല. കെഎസ്ആർടിസി ബസിൽ പരസ്യം പതിക്കാൻ കരാറേറ്റെടുത്ത ആളിൽ നിന്നാണ് ഉദയകുമാർ കൈക്കൂലി വാങ്ങിയത്.

ആറ് ലക്ഷം രൂപയുടെ ബില്ല് മാറാൻ ഒരു ലക്ഷം രൂപയായിരുന്നു ആവശ്യപ്പെട്ടിരുന്നത്. നഗരത്തിലെ ക്ലബ്ബുകളിൽ വച്ചായിരുന്നു പണമിടപാട്. മുൻപും ഇയാൾ പല തവണ പരസ്യം കരാറേറ്റെടുത്തവരിൽ നിന്ന് പണം വാങ്ങിയിട്ടുണ്ടെന്നാണ് വിജിലൻസിന് കിട്ടിയിരിക്കുന്ന വിവരം. സമാനമായ ചില സംഭവങ്ങൾ കേന്ദ്രീകരിച്ച് വിജിലൻസ് തുടങ്ങി. കെഎസ്ആർടിസിയിൽ സിഎംഡിയും യൂണിയനുകളും തമ്മിലെ പോരിനിടെയാണ് അഴിമതികേസിൽ ഉന്നതഉദ്യോഗസ്ഥൻ പിടിയിലാകുന്നത്.

പരസ്യബില്ല് മാറാൻ ഒരു ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ടതിനെ തുടർന്ന് കെഎസ്ആർടിസി ഡെപ്യൂട്ടി ജനറൽ മാനേജർ വിജിലൻസ് പിടിയിലായത് ഇന്നലെയാണ്. ഇതിൽ 30000 രൂപ ശ്രീമൂലം ക്ലബ്ബിൽ വെച്ച് വാങ്ങുന്നതിനിടെയാണ് ഇയാളെ കസ്റ്റഡിയിൽ എടുത്തത്.

60000 രൂപ ഉദയകുമാറിന് കരാറുകാരൻ നേരത്തെ നൽകിയിരുന്നു.

വെള്ളം താഴുന്നില്ല, ആശങ്കയൊഴിയാതെ ഡൽഹി

യമുനയിലെ ജലനിരപ്പ് 206 മീറ്ററിന് താഴെയെത്തിയെങ്കിലും ആശങ്കയൊഴിയാതെ ഡൽഹി. രാജ്ഘട്ട്, ഐ.ടി.ഒ, റിങ്റോഡ് അടക്കമുള്ള പ്രധാന ഭാഗങ്ങളിൽ നിന്ന് വെള്ളം ഒഴിഞ്ഞു പോകാത്തതാണ് ആശങ്കയ്ക്കിടയാക്കിരിക്കുന്നത്. അതോടൊപ്പം ഇന്നലെ വൈകിട്ടോടെ പെയ്ത കനത്ത മഴ നഗരത്തെ കൂടുതൽ പ്രളയഭീതിയിലാഴ്ത്തുകയും ചെയ്തു.

യമുനയിലെ 32 തടയണകളിൽ നാലെണ്ണം ഉയർത്താനാവാതെ കുടുങ്ങിപ്പോയതാണ് റോഡുകളിലെ വെള്ളം താഴ്ന്നുപോകുന്നതിന് തടസമായി നിൽകുന്നത്. കുടുങ്ങിപ്പോയ ഒരെണ്ണം നാവികസേനയെത്തിയാണ് കഴിഞ്ഞ ദിവസം ഉയർത്തിയത്.

അതോടൊപ്പം അഴുക്കുചാലിൽ നിന്ന് മലിനജലം തിരിച്ചൊഴുകിവരുന്നതും വെള്ളക്കെട്ടിന് കാരണമായിട്ടുണ്ട്. യമുനയിലെ ജലനിരപ്പ് താഴുന്നതോടെ പെട്ടെന്ന് തന്നെ റോഡുകളിൽ നിന്ന് വെള്ളമിറങ്ങിപ്പോകുമെന്ന പ്രതീക്ഷ ഇതോടെ ഇല്ലാതായി. സ്കൂളുകൾക്കുള്ള അവധി തുടരുമെന്ന് ഡൽഹി സർക്കാർ അറിയിച്ചു.

ഇന്നലെ ഗ്രേറ്റർ നോയിഡയ്ക്കടുത്ത് യമുനയിൽ കുളിക്കാനിറങ്ങിയ രണ്ടുപേരെ കാണാതായി. ഇവർക്കായി എൻ.ഡി.ആർ.ഫ് തിരച്ചിൽ തുടരുകയാണ്. മക്കൻപൂരിൽ നിന്നുള്ള ധിരാജ് (21), സഞ്ജിത് (17) എന്നിവരെയാണ് കാണാതായത്.

പ്രളയത്തിൽ നഷ്ടപ്പെട്ട ആധാർ അടക്കമുള്ള രേഖകൾ വീണ്ടും നൽകുന്നതിനായി ക്യാംപ് സംഘടിപ്പിക്കുമെന്ന് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ അറിയിച്ചു.

പ്രളയം ബാധിച്ച ഓരോ കുടുംബത്തിനും 10,000 രൂപ വീതം നൽകും. വിദ്യാർഥികൾക്ക് നഷ്ടപ്പെട്ട പുസ്തകങ്ങളും വസ്ത്രങ്ങളും സ്കൂളുകൾ മുഖേന നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു

കട്ടപ്പാടത്തെ മാന്ത്രികൻ ചിത്രീകരണം ആരംഭിച്ചു

കട്ടപ്പാടത്തെ മാന്ത്രികൻ എന്ന ചിത്രത്തിന്റെ സ്വിച്ച് ഓൺ കർമ്മം മണ്ണാർക്കാട് എം.എൽ.എ എൻ.ഷംസുദ്ധീൻ നിർവ്വഹിക്കുന്നു

പാലക്കാട്: ചിത്രീകരണത്തിന് മുന്നേ തന്നെ വാർത്തകളിൽ ഇടം പിടിക്കുകയും പ്രേക്ഷകർ പ്രതീക്ഷയോടെ കാത്തിരിക്കുകയും ചെയ്യുന്ന കട്ടപ്പാടത്തെ മാന്ത്രികൻ എന്ന ചിത്രത്തിന്റെ സ്വിച്ച് ഓൺ കർമ്മം മണ്ണാർക്കാട് എം.എൽ.എ എൻ.ഷംസുദ്ധീൻ നിർവ്വഹിച്ചു. പാലക്കാട് ജില്ലയിലെ തച്ചനാട്ടുക്കര പഞ്ചായത്തിലെ അണ്ണാൻ തൊടി എൽ.പി സ്കൂളിലായിരുന്നു ചടങ്ങ്. തച്ചനാട്ടുകര പഞ്ചായത്ത് പ്രസിഡന്റ് കെ.പി.എം സലിം മുഖ്യാഥിതിയായി.

ഫൈസൽ ഹുസൈൻ കഥയും തിരക്കഥയും എഴുതി സംവിധാനം ചെയ്യുന്ന കട്ടപ്പാടത്തെ മാന്ത്രികന്റെ നിർമ്മാണം സിയാൻ ഫേസ് പ്രൊഡക്ഷൻസിന്റെ ബാനറിൽ സി.ജെ.മോസസ്സ് ആണ്. ക്ലാസ് റൂമിൽ ഇരുന്ന് അഞ്ജന ടീച്ചറുടെ പാട്ടിനൊപ്പം അൽഭുതകരമായി ബെഞ്ചിൽ കൊട്ടിയുള്ള താളം അഭിജിത്തിനെ വൈറലാക്കിയിരുന്നു. ഇത് ഈ സിനിമയുടെ അണിയറ പ്രവർത്തകർ കാണുകയും അഭിജിത്തിനെ ഈ സിനിമയിലേക്ക് ക്ഷണിക്കുകയും ചെയ്തിരുന്നു.ചെറുപ്രായത്തിലെ അഭിജിത്ത് പ്രകടിപ്പിച്ച അസാമാന്യ താളബോധം അത്ഭുതത്തോടെയാണ് സംഗീത പ്രേമികൾ നോക്കി കണ്ടത്. വൈറൽ വീഡിയോയിൽ അഭിജിത്തിനൊപ്പം ഉണ്ടായിരുന്ന അഞ്ചന ടീച്ചറും ഈ സിനിമയിൽ ഒരു ഗാനം ആലപിക്കുന്നുണ്ട്. ഷോർട്ട് ഫിലിമുകളിലൂടെയും ഡോക്യുമെന്ററികളിലൂടെയും ശ്രദ്ധേയനായ ഫൈസൽ ഹുസൈൻ അണിയിച്ചൊരുക്കുന്ന ഈ ചിത്രത്തിൽ പ്രമുഖ താരങ്ങൾക്കൊപ്പം പുതുമുഖങ്ങളും വേഷമിടുന്നുണ്ട്.

സഹോദരന് ബൈക്ക് നൽകി; 34,000 രൂപ പിഴയിട്ട് കോടതി

കൊച്ചി: പ്രായപൂർത്തിയാവാത്ത സഹോദരന് ബൈക്ക് ഓടിക്കാൻ നൽകിയ യുവാവിന് 34,000 രൂപ പിഴയിട്ട് കോടതി. യുവാവ് കോടതി പിരിയും വരെ തടവുശിക്ഷ അനുഭവിക്കണമെന്നും എറണാകുളം അഡീഷനൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ഉത്തരവിട്ടു.

തന്റെ അനുമതിയോടെയാണ് സഹോദരൻ ബൈക്ക് ഓടിച്ചതെന്ന് യുവാവ് കോടതിയിൽ പറഞ്ഞു. ബൈക്കിന്റെ രജിസ്ട്രേഷൻ 12 മാസത്തേക്കു റദ്ദാക്കാൻ കോടതി നിർദേശിച്ചു. യുവാവിന്റെ ലൈസൻസ് മൂന്നു മാസത്തേക്കു സസ്പെൻഡ് ചെയ്തു.

നമ്പർ പ്ലേറ്റ് മറച്ചുകൊണ്ടായിരുന്നു സഹോദരന്റെ ബൈക്ക് യാത്ര. ബൈക്കിന് ഇൻഡിക്കേറ്റർ ലാംപുകളും റിവ്യു മിററും ഇല്ലായിരുന്നെന്നും കോടതി ചൂണ്ടിക്കാട്ടി.

Change of Name

I Elham Zuhara EB Bearing Passport No: S5005356 issued from passport office Thrissur. I have changed my name as Elham Zuhra Badsha, Khadeeja Manzil,kondotty post, Malappuram,pincode 673638, Kerala . in the following documents.

1. Birth Certificate
2. Passport

ഞാണ്ടൂർകോണം അംബേദ്കർ നഗർ കോളനിയിൽ സംഘർഷം; മൂന്ന് പേർക്ക് വെട്ടേറ്റു

തിരുവനന്തപുരം: ഞാണ്ടൂർകോണം അംബേദ്കർ നഗർ കോളനിയിൽ സംഘർഷം. മൂന്ന് പേർക്ക് വെട്ടേറ്റു. അംബേദ്കർ നഗർ സ്വദേശികളായ രാഹുൽ, അഭിലാഷ്, രാജേഷ് എന്നിവർക്കാണ് വെട്ടേറ്റത്. ഞായറാഴ്ച രാത്രി 8.30 തോടെയാണ് ആക്രമണമുണ്ടായത്.

രാഹുലിന് കഴുത്തിലും കൈയിലും ഗുരുതരമായി വെട്ടേറ്റു. മറ്റുള്ളവരുടെ പരിക്ക് ഗുരുതരമല്ല. മൂവരെയും കഴക്കൂട്ടം പൊലീസ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അംബേദ്കർ നഗർ സ്വദേശികളായ പ്രമോദ്, പ്രശാന്ത്, ബെന്റൻ, കാള രാജേഷ് എന്നിവരാണ് ആക്രമണം നടത്തിയതെന്നാണ് കഴക്കൂട്ടം പൊലീസ് പറയുന്നത്.

പുറത്തു നിന്നുള്ളവർ ലഹരി വില്പനക്കായി രാത്രി കാലങ്ങളിൽ ഇവിടെയെത്തുന്നത് സംബന്ധിച്ച് തർക്കമുണ്ടായെന്നും ഇതാണ് സംഘർഷത്തിലേക്കും ആക്രമണത്തിലേക്കുമെത്തിയതെന്നാണ് പൊലീസിൽ നിന്നും ലഭിക്കുന്ന വിവരം.

കോളനിയിലുള്ളനരും പുറത്ത് നിന്നെത്തുന്നവരും തമ്മിൽ തർക്കമുണ്ടായി. തുടർന്ന് മടങ്ങിപ്പോയവർ സംഘടിച്ച് ആയുധങ്ങളുമായി തിരികെയെത്തിയാണ് ആക്രമണം നടത്തിയത്. കഴക്കൂട്ടം പോലീസ് കേസെടുത്തു.

ഹർഷിന കെ.കെ യുടെ സത്യാഗ്രഹത്തിന്റെ സമരപ്പന്തൽ ഐ.എൻ.ടി.യു.സി സംസ്ഥാന ജനറൽ സെക്രട്ടറി മനോജ് എടാണി സന്ദർശിക്കുന്നു

ഹർഷിനക്ക് നീതി വൈകുന്നത് കടുത്ത അനീതി: ഐ. എൻ. ടി. യു. സി സംസ്ഥാന ജനറൽ സെക്രട്ടറി

ഹർഷിനക്ക് നീതി വൈകുന്നത് കടുത്ത അനീതിയാണെന്ന് ഐ.എൻ.ടി.യു.സി സംസ്ഥാന ജനറൽ സെക്രട്ടറി മനോജ് എടാണി പറഞ്ഞു.

ഹർഷിന കെ.കെ സമര സമിതിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന സത്യാഗ്രഹത്തിന്റെ 56-ാം ദിവസം സമരപ്പന്തൽ സന്ദർശിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഈ സമരം വിജയിക്കേണ്ടത് സമൂഹത്തിന്റെ മുഴുവൻ ആവശ്യമാണെന്നും നീതി ലഭിക്കാനുള്ള ഈ പോരാട്ടത്തിൽ ഐ.എൻ.ടി.യു.സി പ്രസ്ഥാനവും ഒപ്പം ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

സമരസമിതി ചെയർമാൻ ദിനേശ് പെരുമണ്ണ അധ്യക്ഷത വഹിച്ചു, ഐ.എൻ.ടി.യു.സി ജില്ലാ ജനറൽ സെക്രട്ടറി എം.ടി സേതുമാധവൻ, ബാബു കുനിയിൽ, മനോജ് മേലാർ പൊയിൽ, മാത്യു ദേവഗിരി, സുഭാഷ് ചന്ദ്രൻ പി.കെ, സബീഹ പി.സി, കെ.ടി ശ്രീകല തുടങ്ങിയവർ പ്രസംഗിച്ചു.

ലിംഗമാറ്റ ശസ്ത്രക്രിയ തടഞ്ഞുകൊണ്ടുള്ള ബില്ലിന് അനുമതി നൽകി റഷ്യ

മോസ്കോ: എൽ.ജി.ബി.ടി വിഭാഗങ്ങളുടെ ലിംഗമാറ്റ ശസ്ത്രക്രിയ തടഞ്ഞുകൊണ്ടുള്ള ബില്ലിന് അനുമതി നൽകി റഷ്യ. റഷ്യൻ പാർലമെന്റിന്റെ അധോസഭയായ സ്റ്റേറ്റ് ഡുമയിലാണ് ബില്ല് അവതരിപ്പിച്ചത്. എൽ.ജി.ബി.ടി സംസ്കാരം പൊതുവിടത്തിൽ പരസ്യമായി പ്രദർശിപ്പിക്കുന്നത് വിലക്കിയതിന് പിന്നാലെയാണ് റഷ്യ പുതിയ നിയമം പാസാക്കുന്നത്. പ്രസിഡന്റ് വ്ലാദ്മിർ പുടിന്റെ അനുമതി ലഭിച്ചാൽ റഷ്യയിൽ നിയമം ഔദ്യോഗികമായി നടപ്പിലാക്കും.കുട്ടികളെയും പൗരന്മാരെയും സംരക്ഷിക്കുന്നതിനാണ് ഈ നിയമമെന്ന് ഡുമ സ്പീക്കർ പറഞ്ഞു. "യൂറോപ്പിലെല്ലാം നടക്കുന്ന ഇത്തരം പ്രവണതകളെ എതിർക്കുന്ന ഏക യൂറോപ്യൻ രാജ്യമാണ് റഷ്യ. നമ്മുടെ പാരമ്പര്യമൂല്യങ്ങളെ സംരക്ഷിക്കാനായി ഈ നിയമം കൊണ്ടുവരണം. ലിംഗമാറ്റം നിരോധിച്ചില്ലെങ്കിൽ നമ്മുടെ ഭാവി അപകടത്തിലാകുമെന്ന് തിരിച്ചറിയേണ്ടതുണ്ട്."അദ്ദേഹം പറഞ്ഞു.ഏതാനും ഭേദഗതികളോടെയാണ് ബില്ല് പാസാക്കിയത്. പങ്കാളികളിൽ ഒരാൾ ലിംഗമാറ്റം നടത്തിയിട്ടുണ്ടെങ്കിൽ ഇവരുടെ വിവാഹം അസാധുവാകും. കുട്ടികളെ ദത്തെടുക്കുന്നതും പുതിയ ബില്ലിൽ വിലക്കുണ്ട്.എന്നാൽ സമൂഹത്തിൽ ധാരാളം വിവേചനങ്ങളും വിമർശനങ്ങളും നേരിടുന്ന ഈ വിഭാഗത്തെ കൂടുതൽ അടിച്ചമർത്താനാണ് ഭരണകൂടം ശ്രമിക്കുന്നതെന്ന് ട്രാൻസ് സ്വത്വം പരസ്യമാക്കിയ യൂലിയ അല്യേവ്ഷിന ചൂണ്ടിക്കാട്ടി. ട്രാൻസ്ജെൻഡർ സമൂഹത്തെ മാനസികമായി തകർക്കുന്ന നടപടിയാണെന്നും ഇത് തികച്ചും ഫാഷിസ്റ്റ് സ്വഭാവത്തിലുള്ള നിയമമാണെന്നും 'സെന്റർ ടി'യുടെ തലവൻ യാൻ ഡിവോർക്കിൻ പ്രതികരിച്ചു.

പുസ്തകമിത്രം പുരസ്കാരം ടി. എൻ പ്രതാപൻ എം. പിയ്ക്ക് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സമർപ്പിക്കും

സദ്ഭാവന ബുക്സ്, കോഴിക്കോട് ഏർപ്പെടുത്തിയ പ്രഥമ പുസ്തകമിത്രം പുരസ്കാരം തൃശൂർ എം.പി ടി.എൻ പ്രതാപന് ആദരണീയനായ കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സമർപ്പിക്കുമെന്ന് സദ്ഭാവന ബുക്സ് എഡിറ്റർ സുനിൽ മടപ്പള്ളിയും കവിയും ഗാനരചയിതാവുമായ എം.എസ് ബാലകൃഷ്ണനും തൃശൂർ പ്രസ് ക്ലബ്ബിൽ നടന്ന വാർത്താസമ്മേളനത്തിൽ പറഞ്ഞു. ജൂലൈ 18 ചൊവ്വാഴ്ച കാലത്ത് 10.30 ന് തൃശൂർ വിമല കോളേജ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ പ്രമുഖ വ്യക്തിത്വങ്ങൾ പങ്കെടുക്കും. വിമല കോളേജിന്റെ ബിരുദദാന ചടങ്ങിനോട് അനുബന്ധിച്ചാണ് പുരസ്കാര സമർപ്പണം സംഘടിപ്പിച്ചിട്ടുള്ളത്.1 ലക്ഷം രൂപയും 1 ലക്ഷം രൂപ മുഖവിലയുള്ള 1000 പുസ്തകങ്ങളും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പ്രഥമ പുസ്തകമിത്രം പുരസ്കാരം. കേരള ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ സ്ഥാപകൻ പി.എൻ പണിക്കരുടെ ചരമദിനമായ ജൂൺ 19 മുതൽ ജൂലൈ 18 വരെ സദ്ഭാവന ബുക്സ് നടത്തുന്ന വായന മാസാചരണത്തിന്റെ സമാപനത്തോടനുബന്ധിച്ചാണ് പുസ്തകമിത്രം പുരസ്കാരം ഏർപ്പെടുത്തിയത്. പ്രശസ്ത സാഹിത്യകാരൻ യു.കെ. കുമാരൻ ചെയർമാനും കവിയും ഗാനരചയിതാവുമായ പി.പി.ശ്രീധരനുണ്ണി, ഗ്രന്ഥകാരനും ഹരിതം ബുക്സ് എഡിറ്ററുമായ പ്രതാപൻ തായാട്ട്, യുവ എഴുത്തുകാരി ട്രീസ അനിൽ എന്നിവരടങ്ങിയ ജൂറി കമ്മിറ്റിയാണ് പുരസ്കാര ജേതാവിനെ തിരഞ്ഞെടുത്തത്.കഴിഞ്ഞ നാല് വർഷമായി നടത്തുന്ന പ്രവർത്തനം മാനിച്ചാണ് പ്രഥമ പുസ്തകമിത്രം പുരസ്കാരത്തിന് ടി.എൻ.പ്രതാപൻ എം.പി തിരഞ്ഞെടുക്കപ്പെട്ടത്. ഇത്തരത്തിൽ സ്വീകരിച്ച ഒന്നരകോടി രൂപയിൽ അധികം വിലവരുന്ന 1,26,000 പുസ്കങ്ങൾ കേരളത്തിലെ സ്കൂൾ, കോളേജ്, പൊതുവായനശാലകൾക്കായി നൽകി വരികയാണ്. ഒരു ജനപ്രതിനിധി നടത്തുന്ന ഈ മഹനീയ പ്രവർത്തനം സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, മറ്റുള്ളവരും ഇത് മാതൃകയാക്കുക വഴി പുസ്തകവായന പ്രോത്സാഹിപ്പിക്കുന്നതിനുമാണ് സദ്ഭാവന ബുക്സ് ഈ വർഷം ആദ്യമായി പുസ്തകമിത്രം പുരസ്കാരം ഏർപ്പെടുത്തിയത്.

വാർത്താസമ്മേളനത്തിൽ സദ്ഭാവന ബുക്സ് എഡിറ്റർ സുനിൽ മടപ്പള്ളി, കവിയും ഗാനരചയിതാവുമായ എം.എസ്.ബാലകൃഷ്ണൻ എന്നിവർക്കു പുറമെ മാധ്യമ പ്രവർത്തകൻ ഇ.ആർ ഉണ്ണി, എഴുത്തുകാരി ജയശ്രീ വൈലത്തൂർ, യുവ സാഹിത്യകാരി രമ്യ ബാലകൃഷ്ണൻ എന്നിവരും പങ്കെടുത്തു.

സ്റ്റേഷനിൽ അതിക്രമിച്ചു കയറിയെന്നാരോപിച്ച് റോജി എം ജോൺ എം.എൽ.എക്കെതിരെ കേസെടുത്തു

കൊച്ചി: സ്റ്റേഷനിൽ അതിക്രമിച്ചു കയറിയെന്നാരോപിച്ച് റോജി എം ജോൺ എം.എൽ.എക്കെതിരെ കാലടി പൊലീസ് കേസെടുത്തു.

കാലടി ശ്രീശങ്കരാ കോളജിലെ കെ.എസ്.യു ഭാരവാഹികളെ അന്യായമായി തടങ്കലിലിട്ടു എന്നാരോപിച്ച് എം.എൽ.എ ഇവരെ ലോക്കപ്പിൽനിന്ന് പുറത്തിറക്കിയിരുന്നു. ഇതാണ് കേസിനാസ്പദമായ സംഭവം.

ശ്രീശങ്കരാ കോളജിൽ വെള്ളിയാഴ്ച വിദ്യാർഥികൾ തമ്മിൽ സംഘർഷമുണ്ടായിരുന്നു. സംഭവത്തിൽ ഒരാളെ പൊലീസ് അറസ്റ്റ് ചെയ്തു കൊണ്ടുപോകുന്നത് വിദ്യാർഥികൾ തടഞ്ഞു.

ഇതുമായി ബന്ധപ്പെട്ട് കണ്ടാലറിയാവുന്ന ഏതാനും പേർക്കെതിരെ പൊലീസ് കേസെടുത്തിരുന്നു. തുടർന്ന് വെള്ളിയാഴ്ച രാത്രി അഞ്ചു പേരെ വീടുകളിൽനിന്ന് പൊലീസ് അറസ്റ്റ് ചെയ്തു. ഇവർക്ക് കോടതി ജാമ്യം അനുവദിച്ചിരുന്നു.

ഇതിന് പിന്നാലെ ഇതേ കേസിൽ കെ.എസ്.യു യൂണിറ്റ് പ്രസിഡന്റ് രാജീവിനെയും മറ്റു രണ്ടുപേരെയും ശനിയാഴ്ച രാത്രി പൊലീസ് അറസ്റ്റ് ചെയ്തു. ഇവരെ അന്യായമായി തടങ്കലിലാക്കി എന്നാരോപിച്ചാണ് റോജി എം ജോൺ സെല്ലിൽനിന്ന് തുറന്നുവിട്ടത്.

കടം വാങ്ങിയ പണം തിരികെ ചോദിച്ചു: അമ്മാവനെ കൊലപ്പെടുത്തി അനന്തരവൻ

ഭോപാൽ: കടം വാങ്ങിയ പണം തിരികെ ചോദിച്ചതിന് അമ്മാവനെ ക്രൂരമായി കൊലപ്പെടുത്തി അനന്തരവൻ. മധ്യപ്രദേശിലെ ഗുണ ജില്ല സ്വദേശിയായ വിവേക് ശർമ എന്ന വ്യാപാരിയെയാണ് അനന്തരവൻ അതിദാരുണമായി കൊലപ്പെടുത്തിയത്. ആറ് കഷണങ്ങളാക്കി മുറിച്ച് ആറ് കവറുകളിലാക്കിയ നിലയിലായിരുന്നു മൃതദേഹം. ഇ.ാളെ കാണാനില്ലെന്ന പരാതിയെത്തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് കൊലപാതകവിവരം പുറത്തറിയുന്നത്. സംഭവത്തിൽ അനന്തരവൻ മോഹിതിനെതിരെ പൊലീസ് കേസെടുത്തിട്ടുണ്ട്.

ജൂലൈ 12ന് വിവേക് കടം നൽകിയ പണം തിരികെ ചോദിക്കാനായി മോഹിതിനെ സമീപിച്ചിരുന്നു. വീട്ടിലെത്തിയ അമ്മാവനെ ക്ഷണിച്ച മോഹിത് അദ്ദേഹത്തിന് നൽകിയ ചായയിൽ വിഷം കലർത്തുകയായിരുന്നു. ബോധം മറഞ്ഞതോടെ പ്രതി വിവേകിൻറെ ശരീരം ആറ് കഷണങ്ങളാക്കി മുറിക്കുകയും പ്ലാസ്റ്റിക് കവറിലാക്കി മറവ്ചെയ്യുകയുമായിരുന്നു. ഇതിന് ശേഷം ഡാം പരിസരത്തെത്തിയ പ്രതി അവശിഷ്ടം കുഴികളിലിട്ട് മൂടുകയായിരുന്നുവെന്ന് പൊലീസ് അറിയിച്ചു. മെഡിക്കൽ റപ്രസെൻറേറ്റീവായ മോഹിതിന് സർക്കാർ അനുവദിച്ച വീട്ടിൽ വെച്ചായിരുന്നു കൊലപാതകം.

ദിവസങ്ങൾ പിന്നിട്ടിട്ടും വിവേക് വീട്ടിൽ തിരിച്ചെത്താതിരുന്നതോടെ കുടുംബം പൊലീസിൽ പരാതി നൽകുകയായിരുന്നു. പൊലീസെത്തി ചോദ്യം ചെയ്തതോടെയാണ് പ്രതി കുറ്റം സമ്മതിച്ചത്.

യുവാവ് വീട്ടിൽ മരിച്ചനിലയിൽ; മാതാപിതാക്കളും സഹോദരനും കസ്റ്റഡിയിൽ

കൊല്ലം: യുവാവിനെ വീട്ടിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ച നിലയിൽ കണ്ടെത്തി. ചിതറ ചല്ലിമുക്ക് സൊസൈറ്റിമുക്ക് സ്വദേശി ആദർശ് (21) ആണ് മരിച്ചത്.

വീട്ടിൽ അടുക്കളയോട് ചേർന്ന മുറിയിലാണ് മൃതദേഹം കണ്ടത്. കൊലപാതകമെന്ന പ്രാഥമിക നിഗമനത്തിൻറെ അടിസ്ഥാനത്തിൽ മാതാപിതാക്കളെയും സഹോദരനും പൊലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ഇവരെ പൊലീസ് ചോദ്യം ചെയ്ത് വരുകയാണ്.

ആദർശ് ഇന്നലെ അടുത്ത വീട്ടിലെത്തി മദ്യപിച്ച് ബഹളമുണ്ടാക്കിയിരുന്നു. തിരിച്ച് കൂട്ടിക്കൊണ്ടു പോവാനെത്തിയ വീട്ടുകാരോടും ആദർശ് കയർത്തിരുന്നു. ഇന്ന് രാവിലെയാണ് വീടിനകത്ത് മൃതദേഹം കണ്ടെത്തിയത്. മാതാവ് നാട്ടുകാരിലൊരാളെ വിവരമറിയിക്കുകയും ഇയാൾ പൊലീസിനെ അറിയിക്കുകയുമായിരുന്നു.

പൊലീസെത്തി മൃതദേഹം പരിശോധിച്ചതിൽനിന്ന് കൊലപാതകമെന്ന സൂചനയാണ് ലഭിച്ചത്.

സർവകലാശാലകളിലും കോളജുകളിലും ഓഗസ്റ്റ് ഒന്ന് മുതൽ പഞ്ചിങ് നിർബന്ധം

തിരുവനന്തപുരം: സർവകലാശാലകളിലും സർക്കാർ, എയ്ഡഡ് കോളേജുകളിലും പഞ്ചിങ് നിർബന്ധമാക്കുന്നു. ഓഗസ്റ്റ് ഒന്ന് മുതലാണ് പഞ്ചിങ് നിർബന്ധമാക്കുന്നത്. ഹാജർ ശമ്പളവുമായി ബന്ധിപ്പിക്കും. അനധികൃതമായി ഹാജരാകാത്തവർക്കും ജോലി സമയം കൃത്യമായി പാലിക്കാത്തവർക്കും ഓഗസ്റ്റ് ഒന്ന് മുതൽ ശമ്പളം ലഭിക്കാതെ പോകും.

ക്യാമ്പസുകളിൽ അധ്യാപകരുടെ സാന്നിധ്യം ആറ് മണിക്കൂർ വേണമെന്നു യുജിസി വ്യവസ്ഥയുണ്ട്. സ്പാർക്കും പഞ്ചിങ്ങും സംയോജിപ്പിച്ചാണ് വ്യവസ്ഥ നടപ്പാക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഉച്ച ഭക്ഷണ ഇടവേള കൂടി ഉൾപ്പെടുത്തിയാണ് കോളജ് അധ്യാപകരുടെ ജോലി സമയം ഏഴ് മണിക്കൂറായി നിശ്ചയിച്ചത്. അധ്യാപകർ ദിവസം ആറ് മണിക്കൂർ കോളജിൽ ഹാജരുണ്ടാവണം. ഒരു മണിക്കൂർ ഉച്ചഭക്ഷണ ഇടവേള. പ്രാദേശിക സാഹചര്യമനുസരിച്ച്, രാവിലെ ഒമ്പത് മുതൽ വൈകീട്ട് നാല് വരെ, ഒമ്പതര മുതൽ നാലര വരെ, പത്ത് മുതൽ അഞ്ച് വരെ എന്നീ സമയക്രമം പാലിക്കാം. സമയക്രമം അതതു സർവകലാശാലയെ അറിയിക്കണം. പഞ്ചിങ്ങിലെ സമയക്കുറവ് കാഷ്വൽ ലീവായി കണക്കാക്കും. ഇവയാണ് നിർദ്ദേശങ്ങൾ.

പഞ്ചിങ് കർശനമല്ലാത്തതിനാൽ ഈ തൊഴിൽ സമയം നിരീക്ഷിക്കാൻ സംവിധാനങ്ങളുണ്ടായിരുന്നില്ല. കോളജ് പഠ്യ പദ്ധതി നാല് വർഷ ബിരുദത്തിലേക്കു മാറുന്നതോടെ ക്യാമ്പസിൽ നിശ്ചിത സമയം അധ്യാപകർ ഉണ്ടാകണമെന്ന നിയമം കർശനമാകും. ഉന്നത വിദ്യാഭ്യാസ സേവനങ്ങളെല്ലാം ഒരു കുടക്കീഴിലാക്കുന്ന കെ റീപ് (കേരള റിസോഴ്സ് ഫോർ എജ്യുക്കേഷൻ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിങ്) എന്ന ഇ ഗവേണൻസ് സംവിധാനം നടപ്പിലാകുന്നതോടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെല്ലാം പഞ്ചിങ് നിർബന്ധമാകുകയും ചെയ്യും.

ജൂൺ ഒന്ന് മുതൽ എല്ലാ സർക്കാർ ഓഫീസുകളിലും പഞ്ചിങ് നിർബന്ധമാക്കിയിരുന്നു. എന്നാൽ ആ ഘട്ടത്തിൽ സർവകലാശാലകളും കോളജുകളും അതിലുൾപ്പെട്ടിരുന്നില്ല. സർക്കാർ കോളജുകളിൽ നേരത്തെ തന്നെ പഞ്ചിങ് മെഷീനുകൾ സ്ഥാപിച്ചിരുന്നു. എന്നാൽ ഉപയോഗിച്ചിരുന്നില്ല. എയ്ഡഡ് കോളജുകളിൽ ഭൂരിഭാഗവും യന്ത്രം പോലും സ്ഥാപിച്ചിരുന്നില്ല.

സർക്കാരിന്റെ ശമ്പള വിതരണ സോഫ്റ്റ്വേറായ സ്പാർക്കിൽ കോളജ്- സർവകലാശാലാ അധ്യാപകരുടെയും ജീവനക്കാരുടെയും സേവന വിവരങ്ങളെല്ലാമുണ്ട്. പക്ഷെ, ഹാജരും അവധിയും സ്പാർക്കുമായി ബന്ധിപ്പിച്ചിട്ടില്ല. ഇതിനായി ഉടൻ നടപടിയെടുക്കണമെന്നു സർവകലാശാലാ രജിസ്ട്രാർമാർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

റോട്ടറി സൈബർ സിറ്റി 2023 – 24 വർഷത്തെ ഭാരവാഹികൾ ചുമതലയേറ്റു

കാലിക്കറ്റ് സൈബർ സിറ്റിയുടെ 100മത് പ്രസിഡന്റ് ആയി സി.എസ്.കെ വി.സവീഷ് ചുമതലയേറ്റു. ഓഡിറ്റിംഗ് ആൻഡ് ലീഗൽ രംഗത്തു പ്രവർത്തിക്കുന്ന ഗ്ലോബൽ മൾട്ടി പ്രൊഫഷണൽ സ്ഥാപനം സി.എസ്.ഡബ്ല്യൂ.എയുടെ ചെയർമാനും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറിസ് ഓഫ് ഇന്ത്യ ട്രഷററുമാണ് കെ.വി സവീഷ്.ദി ഗേറ്റ് വേ താജ് ഹോട്ടലിൽ നടന്ന സ്ഥാനാരോഹണ ചടങ്ങിൽ സെക്രട്ടറിയായി സരിതാ റിജു, ട്രഷറർ നബീൽ വി. ബഷീർ, കെ.നിതിൻ ബാബു എക്സിക്യൂട്ടീവ് സെക്രട്ടറി ഉൾപ്പെട്ട 20 അംഗ ഭരണ സമിതിയാണ് ചുമതലയേറ്റത്. മുൻ പ്രസിഡന്റ് ജലീൽ ഇടത്തിൽ പുതിയ പ്രസിഡന്റ് കെ.വി സവീഷിന് അധികാര ചിഹ്നം കൈമാറി. റോട്ടറി ഡിസ്ട്രിക്ട് ഗവർണർ ഡോ.സേതു ശിവശങ്കർ മുഖ്യാതിഥിയായി. ആദിവാസി ക്ഷേമത്തിനും പുരോഗമനത്തിനും വേണ്ടിയുള്ള വിവിധ പദ്ധതികൾ, കൃഷി, ക്ലോത്ത് ബാങ്ക്, ക്യാംപസുകളിൽ ലഹരി വിരുദ്ധ സ്ക്വാഡും ക്യാംപയിനിങ്ങും തുടങ്ങി 10 പദ്ധതികളുടെ ട്രെയ്‌ലർ പ്രകാശനം ചെയ്തു.പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, മേയർ ഡോ.ബീന ഫിലിപ്, എം.കെ മുനീർ എം.എൽ.എ, കേരള സംസ്ഥാന ഫിലിം അവാർഡ് ജേതാവ് സുദേവ് നായർ എന്നിവർ ആശംസകൾ നേർന്നു.

ചെറു ധാന്യങ്ങളുടെ പ്രചാരണത്തിനായി പ്രവർത്തിക്കുന്ന മില്ലറ്റ് മിഷൻ കേരളയുടെ കോഴിക്കോട് ജില്ലാ കൺവെൻഷൻ പേരാമ്പ്ര ദാറുന്നജൂം ആർട്സ് ആൻഡ് സയൻസ് കോളേജിൽ നടന്നപ്പോൾ

മില്ലറ്റ് മിഷൻ കേരളയുടെ കോഴിക്കോട് ജില്ലാ കൺവെൻഷൻ സംഘടിപ്പിച്ചു

പേരാമ്പ്ര: ചെറു ധാന്യങ്ങളുടെ പ്രചാരണത്തിനായി പ്രവർത്തിക്കുന്ന മില്ലറ്റ് മിഷൻ കേരളയുടെ കോഴിക്കോട് ജില്ലാ കൺവെൻഷൻ പേരാമ്പ്ര ദാറുന്നജൂം ആർട്സ് ആൻഡ് സയൻസ് കോളേജിൽ നടന്നു. കൺവെൻഷൻ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് എൻ.പി ബാബു ഉദ്ഘാടനം ചെയ്തു. ജീവിത ശൈലി രോഗങ്ങളിൽ നിന്നും രക്ഷനേടാൻ മലയാളിയുടെ ഭക്ഷണശീലങ്ങൾ മാറേണ്ടതുണ്ട് എന്ന് അദ്ദേഹം പറഞ്ഞു. ജില്ലാ പ്രസിഡണ്ട് വടയക്കണ്ടി നാരായണൻ അധ്യക്ഷനായി.

സംസ്ഥാന കോർഡിനേറ്റർ ദീപാലയം ധനപാലൻ 'അറിയാം ചെറു ധാന്യങ്ങളെ' എന്ന വിഷയത്തിലും ജസീല റൗഫ് 'ഒരുക്കാം ചെറു ധാന്യ വിഭവങ്ങൾ' എന്ന വിഷയത്തിലും ക്ലാസുകൾ എടുത്തു. ബാലകൃഷ്ണൻ ചേനോളി മില്ലറ്റ് കർഷകന്റെ അനുഭവം വിവരിച്ചു. സംസ്ഥാന കോർ കമ്മിറ്റി അംഗം ഡോ. കെ.വി മുഹമ്മദ് കുഞ്ഞി, സെഡ്.എ സൽമാൻ, ഉണ്ണികൃഷ്ണൻ പേരാമ്പ്ര തുടങ്ങിയവർ സംസാരിച്ചു. നേരത്തെ ചെറു ധാന്യങ്ങളുടെയും ചെറു ധാന്യ വിഭവങ്ങളുടെയും പ്രദർശനവും വില്പനയും ഉണ്ടായിരുന്നു. പങ്കെടുത്ത മുഴുവൻ പേർക്കും മില്ലറ്റ് വിഭവങ്ങൾ കഴിക്കാൻ നൽകി.

ഭാരവാഹികളായി വടയക്കണ്ടി നാരായണൻ (പ്രസിഡണ്ട്), ബേബി ഗീത, എ.വി അംബുജാക്ഷൻ, ഡോ. സനൽകുമാർ (വൈസ് പ്രസിഡന്റ് മാർ), സെഡ്.എ സൽമാൻ (സെക്രട്ടറി), ഉണ്ണികൃഷ്ണൻ പേരാമ്പ്ര, ജസീല റൗഫ് (ജോയിന്റ് സെക്രട്ടറിമാർ), സനീഷ് കുമാർ (ട്രഷറർ) എന്നിവരെയും 15 അംഗ നിർവാഹക സമിതിയെയും തെരഞ്ഞെടുത്തു.

30, 31 തീയതികളിൽ തിരുവനന്തപുരത്ത് നടക്കുന്ന ഡോ. ഖാദർ വാലി സംബന്ധിക്കുന്ന മില്ലറ്റിനെ കുറിച്ചുള്ള പരിപാടിയിൽ ജില്ലയിൽ നിന്നും 10 പ്രതിനിധികൾ പങ്കെടുക്കാനും തീരുമാനിച്ചു.

മെഡിക്കൽ കോളേജ് സി.എച്ച് സെന്റർ ദമാം ചാപ്റ്റർ സംഘടിപ്പിച്ച സ്നേഹസംഗമവും ആദരവും ഡോ.എം.കെ മുനീർ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

സി.എച്ച് സെന്റർ ദമാം ചാപ്റ്റർ സ്നേഹസംഗമവും ആദരിക്കലും

കോഴിക്കോട്: മെഡിക്കൽ കോളേജ് സി.എച്ച് സെന്റർ ദമാം ചാപ്റ്റർ സംഘടിപ്പിച്ച സ്നേഹസംഗമവും ആദരവും ഡോ.എം.കെ മുനീർ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ദമാം ചാപ്റ്ററിന്റെ പ്രവർത്തനം സ്ലാഘനീയമാണെന്നും ആദരിക്കപ്പെട്ടവർ ആതുര, ജീവകാരുണ്യ രംഗത്ത് സ്തുത്യർഹമായ സേവനമാണ് നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.

സി.എച്ച് സെന്റർ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ചാപ്റ്റർ ചെയർമാൻ സഫ അലവി അധ്യക്ഷനായി. മുസ്ലിം ലീഗ് ജില്ല പ്രസിഡന്റ് എം.എ റസാഖ് മാസ്റ്റർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ.ശ്രീജയൻ, കാർഡിയോവസ്ക്യുലർ ആന്റ് തൊറാസിക് സർജറി എച്ച്.ഒ.ഡി ഡോ. രാജേഷ്, സി.എച്ച് സെന്ററിനു വേണ്ടി ഖത്തർ കെ.എം.സി.സി പ്രസിഡന്റ് ഡോ.സമദ് എന്നിവരെ ആദരിച്ചു. മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടറി സി.പി ചെറിയ മുഹമ്മദ്, സി.എച്ച് സെന്റർ പ്രസിഡന്റ് കെ.പി കോയ ഹാജി, ട്രഷറർ ടി.പി മുഹമ്മദ്, ഉബൈദ് വട്ടോളി, യു.കെ മുഹമ്മദ്, ഉമ്മർ കുറ്റിക്കാട്ടൂർ, ഹിബ അലവി എന്നിവർ സംസാരിച്ചു. ചാപ്റ്റർ കൺവീനർ മൊയ്തീൻ വെണ്ണക്കാട് സ്വാഗതവും ട്രഷറർ സൈഫുദ്ദീൻ മുക്കം നന്ദിയും പറഞ്ഞു.

സ്നേഹത്തിന്റെ മനഃശാസ്ത്രം പുസ്തകകവർ പ്രകാശനം ചെയ്തു

കോഴിക്കോട്: പ്രശസ്ത മനഃശാസ്ത്രജ്ഞൻ ഡോ: സി.കെ അനിൽകുമാർ രചിക്കുന്ന സ്നേഹത്തിന്റെ മനഃശാസ്ത്രം എന്ന പുസ്തകത്തിന്റെ കവർ എം.ടി വാസുദേവൻനായർ പ്രകാശനം ചെയ്തു.

സൈക്കോളജിസ്റ്റ് ഡോ: ഹസീമ അമ്പലത്ത് വീട്ടിൽ, ഡോ: സി.കെ അനിൽകുമാർ, സൈക്കോളജിസ്റ്റ് ബിന്ദു അരവിന്ദ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

സെന്റർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലിനിക്കൽ ഹിപ്നോസിസ് ആന്റ് സൈക്കോളജിക്കൽ റിസർച്ച് സെന്ററാണ് പ്രസാധകർ.

ബി.ജെ.പി വെസ്റ്റ്ഹിൽ ഏരിയ കമ്മിറ്റി ബി.ജി റോഡിൽ സംഘടിപ്പിച്ച ജനകീയ ധർണ്ണ

ബി.ജെ.പി ജനകീയ ധർണ്ണ നടത്തി

കോഴിക്കോട് കോർപ്പറേഷൻ തോപ്പയിൽ വാർഡിൽ വീടുകളിൽ മഴ വെള്ളം കയറുന്നതിന് ശാശ്വത പരിഹാരം കാണുക , കഴിഞ്ഞ വർഷം മഴവെള്ളം കയറി നാശനഷ്ടം ഉണ്ടായ വീടുകാർ പരാതി നൽകിയിട്ടും നഷ്ടപരിഹാരം നൽകാത്തതിൽ പ്രതിഷേധിച്ച് ബി.ജെ.പി വെസ്റ്റ്ഹിൽ ഏരിയ കമ്മിറ്റി ബി.ജി റോഡിൽ ജനകീയ ധർണ്ണ നടത്തി. ബി.ജെ.പി നടക്കാവ് മണ്ഡലം പ്രസിഡണ്ട് കെ.ഷൈബു ഉദ്ഘാടനം ചെയ്തു.

വില്ലേജ് ഓഫിസർ സ്ഥലം സന്ദർശിച്ച് നാശനഷ്ടങ്ങൾ ബോധ്യപ്പെട്ടുകയും റിപ്പോർട്ട് തയ്യാറാക്കി സർക്കാറിന് സമർപ്പിച്ചിട്ട് ഒരു വർഷം കഴിഞ്ഞിട്ടും പാവപ്പെട്ട വീട്ടുകാർക്ക് നഷ്ടപരിഹാരം നൽക്കാത്തത് സർക്കാറിന്റ കെടുകാര്യസ്ഥതയാണ് കാണിക്കുന്നത്. പ്രശ്നത്തിന് പരിഹാരം കാണുന്ന തുവരെ കാൽനട പ്രചരണ ജാഥയും വില്ലേജ് ഓഫീസ് മാർച്ചടക്കമുള്ള ശക്തമായ പ്രതിഷേധ സമരത്തിന് ബി.ജെ.പി നേതൃത്വം നൽകുമെന്ന് കെ.ഷൈബു പറഞ്ഞു.

ഏരിയ പ്രസിഡണ്ട് മധു കാമ്പുറം അദ്ധ്യക്ഷത വഹിച്ചു. മണ്ഡലം ജനറൽ സെക്രട്ടറി എൻ.പി. പ്രകാശൻ മുഖ്യപ്രഭാഷണവും മണ്ഡലം വൈസ് പ്രസിഡണ്ട് എം.ജഗനാഥൻ സമാപന പ്രസംഗവും നടത്തി. മണ്ഡലം സെക്രട്ടറി സരള മോഹൻദാസ്, എസ്.സി മോർച്ച മണ്ഡലം പ്രസിഡണ്ട് രോഹിണി ഉണ്ണികൃഷ്ണൻ, മഹിള മോർച്ച ജില്ല കമ്മിറ്റി അംഗം റൂബി പ്രകാശൻ, മണ്ഡലം കമ്മിറ്റി അംഗം സി.ജോഷി, ഏരിയ ജനറൽ സെക്രടറി മാലിനി സന്തോഷ്, വൈസ് പ്രസിഡണ്ട് സോയ അനീഷ്, ഏരിയ കമ്മിറ്റി അംഗങ്ങളായ പി.സുരേന്ദ്രൻ (അച്ചുട്ടി) എൻ.പി.മോഹൻദാസ്, എ.കെ അനീഷ്, ബൂത്ത് പ്രസിഡണ്ട് പി.ബാബു, ജനറൽ സെക്രട്ടറി ദിവ്യ സുരാജ്, കമ്മിറ്റി അംഗങ്ങളായ ഇ.വി. മനോഹരൻ , എൻ.വിനു, അനൂപ്, വിനേഷ്, സുരേഷ്, നിഷ സലിൽ, ഷീന സത്യൻ എന്നിവർ സംസാരിച്ചു.

സി.പി.എം തലശ്ശേരി ഏരിയ കമ്മിറ്റി ടൗൺ ഹാൾ പരിസരത്ത് സംഘടിപ്പിച്ച പ്രതിഷേധ കൂട്ടായ്മ എ. വാസു ഉദ്ഘാടനം ചെയ്യുന്നു

പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു

മാഹി: മണിപ്പൂരിലെ വർഗ്ഗീയ വംശീയ കലാപങ്ങൾക്കെതിരെ സി.പി.എം മാഹി ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ ടൗൺ ഹാൾ പരിസരത്ത് പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു.

സി.പി.എം തലശ്ശേരി ഏരിയ കമ്മിറ്റി അംഗം എ. വാസു ഉദ്ഘാടനം ചെയ്തു. വി.പി വിജേഷ്, കെ.പി നൗഷാദ്, ഹാരിസ് പരന്തിരാട്ട് എന്നിവർ സംസാരിച്ചു.

മാഹി ലോക്കൽ സെക്രട്ടറി കെ.പി സുനിൽകുമാർ അദ്ധ്യക്ഷത വഹിച്ചു.

ഗുരുദേവന്റെ 169 മത് ജയന്തി എസ്.എൻ.ഡി.പി യോഗം കോഴിക്കോട് യൂണിയൻ വിപുലമായി ആഘോഷിക്കും

കോഴിക്കോട് : വിശ്വഗുരു ശ്രീനാരായണ ഗുരുദേവന്റെ 169 മത് ജയന്തി വിപുലമായ പരിപാടികളോടെ ആഘോഷിക്കുവാൻ എസ്.എൻ.ഡി.പി യോഗം കോഴിക്കോട് യൂണിയൻ നേതൃയോഗം തീരുമാനിച്ചു.

യോഗത്തിന്റെ ഉദ്ഘാടനം യൂണിയൻ പ്രസിഡന്റ് ഷനൂബ് താമരക്കുളം നിർവ്വഹിച്ചു. യൂണിയൻ സെക്രട്ടറി സുധീഷ് കേശവപുരി അധ്യക്ഷത വഹിച്ചു. യോഗം ഡയറക്ടർ കെ.ബിനുകുമാർ, അഡ്വ. എം.രാജൻ, പി.കെ ഭരതൻ, വി.സുരേന്ദ്രൻ, കെ.മോഹൻദാസ് എന്നിവർ പ്രസംഗിച്ചു.

ആഗസ്ത് 17 ചിങ്ങം 1 പതാകദിനമായി ആചരിക്കും. ഗുരു ജയന്തി ദിനമായ ആഗസ്ത് 31 ന് കാലത്ത് 6 മണി മുതൽ അത്താണിക്കൽ ശ്രീനാരായണ ഗുരുവരാശ്രമത്തിൽ വിശേഷാൽ ഗുരുപൂജ, മഹാ ശാന്തിഹവനം, സർവ്വൈശ്വര്യപൂജ, പ്രസാദ ഊട്ട് എന്നിവയും ഉച്ചയ്ക്ക് വെസ്റ്റ്ഹിൽ അനാഥമന്ദിരത്തിൽ അന്നദാനവും നടത്തും.

രാവിലെ 10.30 മണിക്ക് വെസ്റ്റ്ഹിൽ ചുങ്കം തായാട്ട് അയ്യപ്പ ക്ഷേത്ര പരിസരത്ത് നിന്ന് ആരംഭിക്കുന്ന അലങ്കരിച്ച ഗുരുദേവ റിക്ഷയോട് കൂടിയ വർണശഭളമായ ഘോഷയാത്ര നഗരപ്രദക്ഷിണത്തോടെ ഗുരുവരാശ്രമത്തിൽ സമാപിക്കും.

തുടർന്ന് നടക്കുന്ന ജയന്തി മഹാ സമ്മേളനത്തിൽ പ്രമുഖ വ്യക്തികൾ പങ്കെടുക്കും. ശാഖകളിൽ എസ്.എസ്.എൽ.സി, +2 പരീക്ഷയിൽ മുഴുവൻ വിഷയങ്ങളിൽ എ+ വാങ്ങിയ കുട്ടികൾക്കുള്ള ഉപഹാരങ്ങൾ വേദിയിൽ വെച്ച് നൽകും.

ഗുരു ജയന്തി ആഘോഷങ്ങളുടെ വിജയകരമായ നടത്തിപ്പിനു വേണ്ടി യൂണിറ്റ് പ്രസിഡന്റ് ഷനൂബ് താമരക്കുളം, ചെയർമാനും സെക്രട്ടറി സുധീഷ് കേശവപുരി ജനറൽ കൺവീനറും വൈസ് പ്രസിഡന്റ് രാജീവ് കുഴിപ്പള്ളി, ട്രഷററും അഡ്വ.എം.രാജൻ, പ്രോഗ്രാം കമ്മിറ്റി ചെയർമാനുമായി 101 അംഗ സ്വാഗത സംഘം കമ്മിറ്റിക്ക് രൂപം നൽകി.

മാഹി ലയൺസ് ക്ലബ്ബിന് വനിതാ സാരഥ്യം

പ്രസിഡന്റ്
ജിഷി രാജേഷ്

സെക്രട്ടറി
ഷീലു ബെന്നി

ട്രഷറർ
ഷീബ വത്സരാജ്

മാഹി: മയ്യഴിയിലെ പ്രമുഖ സന്നദ്ധ സേവന സംഘടനയായ മാഹി ലയൺസ് ക്ലബ്ബിന് 32 വർഷത്തെ ചരിത്രത്തിൽ ആദ്യമായി വനിതാ സാരഥ്യം. പ്രസിഡന്റ്റ് ജിഷി രാജേഷ്, സെക്രട്ടറി ഷീലു ബെന്നി, ട്രഷറർ ഷീബ വൽസരാജ് എന്നിവർ മാഹി ലയൺസ് ക്ലബ് ഹാളിൽ നടന്ന സ്ഥാനാരോഹണ ചടങ്ങിൽസ്ഥാനമേറ്റു. മാഹി ലയൺസ് ക്ലബ്ബിന്റെ 32 വർഷത്തെ ചരിത്രത്തിൽ ഇതാദ്യമായാണ് നേതൃത്വപദവികളിൽ മുഴുവൻ സ്ത്രീകൾ സാരഥികളാവുന്നത്.

ലയൺസ് ഇന്റർനാഷനൽ ഡിസ്ട്രിക്റ്റ് 318 ഇയുടെ പാസ്റ്റ് ഡിസ്ട്രിക്റ്റ് ഗവർണർ ഡോ. ഒ.വി.സനൽ സ്ഥാനാരോഹണ ചടങ്ങ് നടത്തി. സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി വിവിധ സെമിനാറുകളും എക്സിബിഷനുകളും നടത്താനും, കുട്ടികളിലും സ്ത്രീകളിലും വർദ്ധിച്ചു വരുന്ന ക്യാൻസറിനെകുറിച്ചുള്ള ബോധവൽക്കരണം, വർദ്ധിച്ചു വരുന്ന മയക്കുമരുന്ന് വിപത്തിനെതിരെയുള്ള ക്യാമ്പുകൾ, വിഷരഹിത പച്ചക്കറിയും പഴങ്ങളും പദ്ധതിയുടെ ഭാഗമായി പ്രദേശത്തെ സ്കൂളുകളിൽ തൈകൾ വിതരണം ചെയ്യുക, വയോജന കേന്ദ്രങ്ങളിൽ ഭക്ഷണവും വസ്ത്രങ്ങളും ആവശ്യമുള്ളവർക്ക് എത്തിക്കുക, ചെറിയ കുട്ടികളിലുണ്ടാവുന്ന കാഴ്ച്ചശക്തി കണ്ടുപിടിക്കാനുള്ള ക്യാമ്പ്, തിമിര ശസ്ത്രകിയ ക്യാമ്പ്, പ്രമേഹത്തിനുള്ള പരിശോധന ബോധവൽക്കരണ ക്യാമ്പുകൾ, രക്തദാനം ജീവദാനം പദ്ധതി, ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങളുടെ സ്കൂളിൽ ചെയ്തുവരുന്ന സഹായ പദ്ധതികൾ എന്നിവ ഈ വർഷം നടപ്പാക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

സ്വാതന്ത്ര്യ സമര സ്മാരക സ്തൂപത്തിൽ പുഷ്പാർച്ചന നടത്തുന്നു

മയ്യഴി വിമോചന ദിന വാർഷികം ആഘോഷിച്ചു

മാഹി: ഫ്രഞ്ച് കോളനി വാഴ്ചയിൽ നിന്നും മയ്യഴിയെ മോചിപ്പിച്ചതിന്റെ അറുപത്തി ഒമ്പതാം വാർഷിക ദിനം മാഹിയിൽ വിവിധ പരിപാടികളോടെ ആഘോഷിച്ചു. ഐ.കെ. കുമാരൻ സ്മാരക സൊസൈറ്റിയുടെ നേതൃത്വത്തിൽ മാഹി സ്റ്റാച്യു ജംഗ്ഷനിലെ ഗാന്ധിജിയുടെയും ഐ.കെ കുമാരന്റെയും സി.ഇ ഭരതന്റെയും പ്രതിമയിൽ പുഷ്പമാല്യം ചാർത്തിയതിനു ശേഷം സ്വാതന്ത്ര്യ സമര സ്മാരക സ്തൂപത്തിലേക്ക് അനുസ്മരണ മാർച്ചും പുഷ്പാർച്ചനയും നടത്തി. വിമോചന വാർഷിക ദിന അനുസ്മരണ യോഗം രമേശ് പറമ്പത്ത് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഐ.അരവിന്ദൻ അദ്ധ്യക്ഷത വഹിച്ചു. കീഴന്തൂർ പത്മനാഭൻ, കെ.മോഹനൻ, കെ.ഹരീന്ദ്രൻ, സത്യൻ കേളോത്ത്, എം.എ. കൃഷ്ണൻ എന്നിവർ സംസാരിച്ചു. എ.കെ സുരേശൻ മാസ്റ്റർ, പി.ഉത്തമരാജ് മാഹി, ടി.എം സുധാകരൻ, കെ.വി ഹരീന്ദ്രൻ, നളിനി ചാത്തു, പി.കെ ശ്രീധരൻ മാസ്റ്റർ, കെ.സുരേഷ്, കെ.എം പവിത്രൻ, അജയൻ.പി, സന്ദീവ്.കെ.വി, അശോകൻ അങ്ങാടിപ്പുറത്ത്, സുനിൽ കേളോത്ത്, കെ.പി.അശോക് തുടങ്ങിയവർ നേതൃത്വം നൽകി.

പുതുയുഗാരംഭം

വിംബിൾഡൺ കിരീടം അൽക്കരാസിന്

വിംബിൾഡൺ കിരീടവുമായി അൽക്കരാസ്

ലണ്ടൻ: ഒടുവിൽ സെന്റർ കോർട്ടിലെ സെർബിയൻ ഇതിഹാസം നൊവാക് ജോക്കോവിചിന്റെ അപ്രമാദിത്വത്തിനു അവസാനം. എട്ടാം വിംബിൾഡൺ കിരീടം നേടി ചരിത്രമെഴുതാൻ ഇറങ്ങിയ ജോക്കോവിചിനെ സ്പെയിനിന്റെ യുവ വിസ്മയം കാർലോസ് അൽക്കരാസ് വീഴ്ത്തി. വിംബിൾഡൺ കിരീടത്തിൽ 20കാരന്റെ മുത്തം. ലോക ഒന്നാം നമ്പർ താരം കൂടിയായ അൽക്കരാസിന്റെ രണ്ടാം ഗ്രാൻഡ് സ്ലാം കിരീടമാണിത്. കഴിഞ്ഞ വർഷം താരം യുഎസ് ഓപ്പൺ കിരീടം സ്വന്തമാക്കിയിരുന്നു.

രണ്ട് തലമുറകൾ തമ്മിലുള്ള ഏറ്റുമുട്ടലായിരുന്നു വിംബിൾഡൺ പുരുഷ സിംഗിൾസ് ഫൈനൽ. ആദ്യ സെറ്റ് അനായാസം നേടി ജോക്കോ കുതിപ്പ് തുടങ്ങിയെങ്കിലും രണ്ടും മൂന്നും സെറ്റുകൾ പിടിച്ചെടുത്തു സ്പാനിഷ് യുവ താരം ഗംഭീര തിരിച്ചു വരവാണ് നടത്തിയത്. നാലാം സെറ്റിൽ വീണ്ടും ജോക്കോ കരുത്തു കാണിച്ചു. എന്നാൽ അഞ്ചാം സെറ്റിൽ സെർബിയൻ ഇതിഹാസത്തെ നിലംതൊടാൻ അനുവദിക്കാതെ അൽക്കരാസ് പറത്തിവിട്ടു. സ്കോർ: 1-6, 7-6 (86), 61, 36, 64.

ത്രില്ലർ പോരാട്ടമാണ് ആരാധകർ പ്രതീക്ഷിച്ചത്. എന്നാൽ അൽക്കരാസിനെ നിഷ്പ്രഭനാക്കിയാണ് ജോക്കോ തുടങ്ങിയത്. ഒന്നാം സെറ്റിൽ സെർബിയൻ താരത്തിന്റെ ആധിപത്യം. എന്നാൽ രണ്ടാം സെറ്റ് ഇഞ്ചോടിഞ്ചായി. കട്ടയ്ക്ക് എതിർത്തു നിന്ന അൽക്കരാസ് രണ്ടാം സെറ്റ് ഒരു ഘട്ടത്തിൽ 6-6 എന്ന നിലയിൽ എത്തിച്ചു. മത്സരം ടൈബ്രേക്കറിലേക്ക്. അവിടെയും വാശിയേറിയ പോര്. ഒടുവിൽ വിജയം അൽക്കരാസിനൊപ്പം.

ഒപ്പത്തിനൊപ്പമായതോടെ മൂന്നാം സെറ്റിൽ അൽക്കരാസ് പിഴവില്ലാതെ നീങ്ങാൻ ശ്രദ്ധിച്ചു. താരം ജോക്കോയ്ക്ക് ഒരു പഴുതും നൽകിയില്ല. മത്സരം 1-6ന് സ്വന്തമാക്കി.

നാലാം സെറ്റിൽ ജോക്കോ കളിയിലേക്ക് വീണ്ടും മടങ്ങിയെത്തി. പരിചയ സമ്പത്തിന്റെ ബലത്തിൽ സെറ്റ് 3-6ന് നേടി വീണ്ടും ഒപ്പമെത്തി. എന്നാൽ അവസാന സെറ്റിൽ ജോക്കോ നിലംപരിശായി.

എട്ടാം വിംബിൾഡൺ കിരീടം നേടി സ്വിസ് ഇതിഹാസം റോജർ ഫെഡററുടെ ഏറ്റവും കൂടുതൽ വിംബിൾഡൺ കിരീടങ്ങളെന്ന റെക്കോർഡ് തൊടാൻ ജോക്കോയ്ക്ക് സാധിച്ചില്ല. മാത്രമല്ല 24ാം ഗ്രാൻഡ് സ്ലാം കിരീടം നേടി മാർഗരെറ്റ് കോർട്ടിന്റെ ഏറ്റവും കൂടുതൽ ഗ്രാൻഡ് സ്ലാം കിരീടങ്ങളെന്ന നേട്ടത്തിനൊപ്പമെത്താനുള്ള സ്വപ്നവും അൽക്കരാസിന്റെ മുന്നിൽ പൊലിഞ്ഞു.

മെസിയെ അവതരിപ്പിച്ച് ഇന്റർ മയാമി; അമേരിക്കയിൽ അരങ്ങേറ്റം വെള്ളിയാഴ്ച

സൂപ്പർ താരം ലയണൽ മെസിയെ ഔദ്യോഗികമായി അവതരിപ്പിച്ച് മേജർ ലീഗ് ഫുട്ബോൾ ക്ലബ് ഇന്റർ മയാമി. തങ്ങളുടെ ഔദ്യോഗിക സമൂഹമാധ്യമ അക്കൗണ്ടുകളിലൂടെയാണ് ക്ലബ് അർജന്റൈൻ ഇതിഹാസ താരത്തെ അവതരിപ്പിച്ചത്. ഫ്രഞ്ച് ക്ലബ് പാരിസ് സെന്റ് ജെർമനിൽ നിന്നാണ് അമേരിക്കയിലെത്തിയത്. പുതിയ ക്ലബിൽ മെസി വെള്ളിയാഴ്ച അരങ്ങേറുമെന്നാണ് വിവരം. ലീഗ്സ് കപ്പിൽ ക്രൂസ് അസൂളിനെതിരെ താരം ആദ്യ ബെക്കാം ഇന്റർ മയാമിയുടെ മത്സരം കളിക്കും. ഡേവിഡ് സഹ ഉടമയാണ്.

കേരള ബ്ലാസ്റ്റേഴ്സിൽ ഇനി 10ാം നമ്പർ ജഴ്സി അഡ്രിയാൻ ലൂണ അണിയും

കൊച്ചി: കേരള ബ്ലാസ്റ്റേഴ്സിൽ ഇനി 10ാം നമ്പർ ജഴ്സി അഡ്രിയാൻ ലൂണ അണിയും. പുതിയ സീസണിൽ ലൂണയായിരിക്കും 10ാം നമ്പർ ജഴ്സിയണിയുക എന്ന് ക്ലബ് ഔദ്യോഗികമായി അറിയിച്ചു.

കഴിഞ്ഞ സീസൺ വരെ ഖാബ്ര ആയിരുന്നു ബ്ലാസ്റ്റേഴ്സിന്റെ പത്താം നമ്പർ. ഖാബ്ര ഈസ്റ്റ് ബംഗാളിലേക്ക് കൂടുമാറിയതോടെയാണ് പോയതോടെയാണ് ലൂണ 10ാം നമ്പറിലെത്തിയത്. ഇതുവരെ ക്ലബിൽ 20ാം നമ്പർ ജഴ്സി ആയിരുന്നു താരം അണിഞ്ഞിരുന്നത്. ലൂണ അവസാന രണ്ടു സീസണായി ലൂണ ബ്ലാസ്റ്റേഴ്സിനൊപ്പമുണ്ട്.

കഴിഞ്ഞ 2 സീസണിലെയും ക്ലബിന്റെ മികച്ച താരമായി തിരഞ്ഞെടുക്കപ്പെട്ടതും ലൂണ ആയിരുന്നു. കഴിഞ്ഞ സീസണിൽ ആകെ 20 മത്സരങ്ങളിൽ കളിച്ച ലൂണ 4 ഗോളുകളും 6 അസിസ്റ്റുകളും സ്വന്തം പേരിലാക്കി. ടീമിനെ കൂടി പ്ലേഓഫിലെത്തിക്കാനും ലൂണക്കായി.

ഒന്നാം ഏകദിനത്തിൽ ഇന്ത്യയെ തോൽപിച്ച ബംഗ്ലാദേശ് താരങ്ങൾ വിജയാഘോഷത്തിൽ

113 റൺസിന് ഓൾ ഔട്ട്! ഇന്ത്യൻ വനിതകൾക്ക് ദയനീയ തോൽവി

മിർപുർ: ബംഗ്ലാദേശിനെതിരായ ഒന്നാം ഏകദിന പോരാട്ടത്തിൽ ഇന്ത്യൻ വനിതകൾക്ക് ദയനീയ തോൽവി. ഡെക്ക്വർത്ത് ലൂയീസ് നിയമമനുസരിച്ചാണ് ബംഗ്ലാദേശ് വനിതകളുടെ വിജയം. 44 ഓവറായി ചുരുക്കിയ പോരിൽ ആദ്യം ബാറ്റ് ചെയ്ത ബംഗ്ലാദേശ് 43 ഓവറിൽ 152 റൺസിനു പുറത്തായി. അനായാസ വിജയത്തിലേക്ക് ബാറ്റേന്തിയ ഇന്ത്യൻ വനിതകളുടെ പോരാട്ടം 35.5 ഓവറിൽ വെറും 113 റൺസിൽ അവസാനിച്ചു.

20 റൺസെടുത്ത ദീപ്തി ശർമയാണ് ടോപ് സ്കോറർ. ക്യാപ്റ്റൻ ഹർമൻപ്രീത് കൗർ അഞ്ച് റൺസുമായി മടങ്ങി. ദേവിക വൈദ്യ പത്ത് റൺസുമായി പുറത്താകാതെ നിന്നു.

പ്രിയ പുനിയ (10), സ്മൃതി മന്ധാന (11), യസ്തിക ഭാട്ടിയ (15), ജെമിമ റോഡ്രിഗസ് (10), അമൻജോദ് കൗർ (15), സ്നേഹ് റാണ (പൂജ്യം), പൂജ വസ്ത്രാകർ (ഏഴ്), അനുഷ ബാറെഡ്ഡി (രണ്ട്) എന്നിവരാണ് ഔട്ടായ മറ്റ് താരങ്ങൾ.

നാല് വിക്കറ്റുകൾ വീഴ്ത്തി മറുഫ അക്തർ ബംഗ്ലാദേശിനായി തിളങ്ങി. റബെയ ഖാൻ മൂന്ന് വിക്കറ്റുകൾ സ്വന്തമാക്കി ഇന്ത്യയുടെ തകർച്ചയ്ക്ക് വേഗം കൂട്ടി. നഹിദ അക്തർ, സുൽത്താന ഖാതും എന്നിവർ ഓരോ വിക്കറ്റെടുത്തു.

ടോസ് ഇന്ത്യൻ വനിതകൾ ആദ്യം ബൗൾ ചെയ്യുകയായിരുന്നു. 39 റൺസെടുത്ത ക്യാപ്റ്റൻ നിഗർ സുൽത്താനയാണ് ബംഗ്ലാദേശിന്റെ ടോപ സ്കോറർ. ഫർഗാന ഹോഖ് 27 റൺസെടുത്തു. സുൽത്താൻ ഖാതും 16 റൺസുമായി മടങ്ങി.

ഇന്ത്യക്കായി അമൻജോദ് കൗർ നാല് വിക്കറ്റുകൾ വീഴ്ത്തി. ദേവിക വൈദ്യ രണ്ട് വിക്കറ്റുകൾ സ്വന്തമാക്കി. ദീപ്തി ശർമ ഒരു വിക്കറ്റെടുത്തു. ബംഗ്ലാദേശിന്റെ രണ്ട് താരങ്ങൾ റണ്ണൗട്ടായി. ബംഗ്ലാദേശിന്റെ 16കാരിയായ അരങ്ങേറ്റ താരം ഷോർന അക്തർ ബാറ്റിങിനു ഇറങ്ങിയില്ല. അസുഖത്തെ തുടർന്നാണ് താരത്തിനു അരങ്ങേറ്റം മത്സരം കളിക്കാൻ സാധിക്കാതെ പോയത്.

യുണൈറ്റഡ് നായകസ്ഥാനത്തു നിന്ന് മഗ്വയർ പുറത്ത്

ലണ്ടൻ: ഇംഗ്ലീഷ് ക്ലബ് മാഞ്ചസ്റ്റർ യുണൈറ്റഡ് ക്യാപ്റ്റൻ സ്ഥാനത്ത് നിന്ന് ഹാരി മഗ്വയറിനെ മാറ്റി.

ഇന്നലെ മഗ്വയർ തന്നെയാണ് സാമൂഹിക മാധ്യമങ്ങളിലൂടെ ഈ വാർത്ത പങ്കുവച്ചത്.

താൻ പരിശീലകൻ എറിക് ടെൻ ഹാഗുമായി സംസാരിച്ചെന്നും തന്നെ ക്യാപ്റ്റൻസിയിൽ നിന്ന് മാറ്റുന്ന തീരുമാനം അദ്ദേഹം അറിയിച്ചെന്നും മഗ്വയർ പറഞ്ഞു. ഇതിൽ നിരാശയുണ്ട്, എന്നാൽ ക്ലബിന് താൻ എന്റെ എല്ലാം ഇനിയും നൽകുമെന്നും മഗ്വയർ പറഞ്ഞു.

മുൻ പരിശീലകൻ ഒലെ ഗണ്ണാർ സോൾഷ്യാർ ആയിരുന്നു മഗ്വയറിനെ നായകനായി നിയമിച്ചത്. എന്നാൽ ടെൻ ഹാഗിനു കീഴിൽ മഗ്വയർ ടീമിൽ സ്ഥിരമായിരുന്നില്ല. ബ്രൂണോ ഫെർണാണ്ടസോ കസമിറോയോ ആകും യുണൈറ്റഡിന്റെ അടുത്ത ക്യാപ്റ്റൻ. യുണൈറ്റഡ് ഇപ്പോൾ മഗ്വയറിന് 50 മില്യൺ യൂറോ വിലയിട്ടതായാണ് റിപ്പോർട്ടുകൾ.

ഈ തുകയുടെ ഓഫർ വന്നാൽ ക്ലബ് താരത്തെ വിൽക്കാനാണ് സാധ്യത.

കിരീടം മാത്രമല്ല, മോഹൻ ബഗാൻ എനിക്ക് ആ ഉറപ്പും തന്നു': സഹൽ

കൊൽക്കത്ത: മലയാളി താരം സഹൽ അബ്ദുൽ സമദ് കേരള ബ്ലാസ്റ്റേഴ്സ് വിട്ടതിനെച്ചൊല്ലിയുള്ള ചർച്ചകൾ അവസാനിച്ചിട്ടില്ല. വെളിപ്പെടുത്താനാവാത്തൊരു 'ഡീലിലാണ്' സഹൽ ബ്ലാസ്റ്റേഴ്സ് ക്യാമ്പ് വിട്ട് മോഹൻ ബഗാനിൽ എത്തുന്നത്. ബഗാനിൽ നിന്ന് നായകൻ പ്രീതം കോട്ടാൽ ബ്ലാസ്റ്റേഴ്സിലെത്തുകയും ചെയ്തു. ഐ.എസ്.എൽ കിരീടം നേടുക എന്നതാണ് തന്റെ പ്രഥമ ലക്ഷ്യമെന്ന് സഹൽ വ്യക്തമാക്കുകയും ചെയ്തിരുന്നു.

ഇപ്പോഴിതാ തന്റെ കൂടുമാറ്റവുമായി ബന്ധപ്പെട്ട് താരം കൂടുതൽ കാര്യങ്ങൽ വെളിപ്പെടുത്തിയിരിക്കുന്നു. തന്റെ സ്വതസിദ്ധമായ ശൈലിയിൽ പന്തുതട്ടാൻ(അറ്റാക്കിങ് മിഡ്ഫീൽഡർ)അവസരം ലഭിക്കും എന്നുള്ളതാണ് തന്നെ മോഹൻ ബഗാനിലേക്ക് ആകർഷിച്ചതെന്ന് സഹൽ പറഞ്ഞു. ടൈംസ് ഓഫ് ഇന്ത്യക്ക് അനുവദിച്ച അഭിമുഖത്തിലായിരുന്നു സഹൽ ഇക്കാര്യം പറഞ്ഞത്.

"മറ്റൊരു ക്ലബ്ബിൽ ചേരുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ വന്നപ്പോൾ എന്റെ പൊസിഷനെക്കുറിച്ച് ഞാൻ അന്വേഷിച്ചിരുന്നു. അറ്റാക്കിങ് മിഡ്ഫീൽഡർ എന്ന നിലക്ക് ഉപയോഗിക്കാനാണ് പദ്ധതിയെന്ന് മോഹൻ ബഗാൻ വ്യക്തമാക്കി. അക്കാര്യം എന്നെ മോഹിപ്പിച്ചു.

ഐ.എസ്.എല്ലിൽ അവർക്ക് മികച്ച ട്രാക്ക് റെക്കോർഡ് ഉണ്ട്" സഹൽ പറഞ്ഞു. ഇന്ത്യൻ ടീമിൽ സഹലിനെ അറ്റാക്കിങ് മിഡ്ഫീൽഡർ എന്ന നിലക്കാണ് ഉപയോഗപ്പെടുത്തിയിരുന്നതെങ്കിലും ബ്ലാസ്റ്റേഴ്സ് നിരയിൽ പലപ്പോഴും വിങ്ങറുടെ റോളായിരുന്നു താരത്തിന്.

ഇക്കഴിഞ്ഞ ഇന്റർകോണ്ടിനന്റൽ കപ്പിലും സാഫിലുമൊക്കെ മികച്ച നീക്കങ്ങളുമായി സഹൽ കളം നിറഞ്ഞിരുന്നു. അതേസമയം സഹലിന് പിന്നാലെ ബഗാൻ മാത്രമായിരുന്നില്ല ഉണ്ടായിരുന്നത്.

സഹലിന്റെ താത്പര്യങ്ങൾ മനസിലാക്കി ബംഗളൂരു എഫ്.സിയും ഒഡീഷ എഫ്.സിയും ചെന്നൈൻ എഫ്.സിയുമൊക്കെ താരത്തെ സമീപിച്ചിരുന്നു. ഇന്ത്യയിൽ നിന്ന് മാത്രമല്ല വിദേശത്ത് നിന്നുപോലും സഹലിനെ അന്വേഷിച്ചിരുവെന്ന് റിപ്പോർട്ടുകൾ ഉണ്ടായിരുന്നു.

സഹലിന്റെ കഴിവിൽ വിശ്വാസമുണ്ടെന്നും വരും സീസണിൽ ടീമിന്റെ കുന്തമുനയായി തന്നെ താരത്തെ പരിഗണിക്കുമെന്നും മോഹൻ ബഗാൻ ടീം അധികൃതരും വ്യക്തമാക്കി.

ഏഷ്യൻ അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പ്

ഇന്ത്യ മൂന്നാമത്; ചരിത്രത്തിലെ മികച്ച പ്രകടനം

വെള്ളി മെഡൽ സ്വന്തമാക്കിയ ജ്യോതി യാരാജി

ബാങ്കോക്ക്: 2023 ഏഷ്യൻ അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പ് അവസാനിച്ചു. 27 മെഡലുകളുമായി ഇന്ത്യ മൂന്നാം സ്ഥാനം സ്വന്തമാക്കി. അവസാന ദിനം ഇന്ത്യയ്ക്ക് വേണ്ടി ഷോട്ട്പുട്ട് താരം ആഭ ഖട്ടുവ ദേശീയ റെക്കോഡോടെ വെള്ളി നേടി.ആഭയ്ക്ക് പുറമേ ജ്യോതി യാരാജി, പാറുൾ ചൗധരി, പ്രിയങ്ക ഗോസ്വാമി, ഡി.പി മനു എന്നിവർ ഇന്ത്യയ്ക്ക് വേണ്ടി അവസാന ദിനം വെള്ളി മെഡലുകൾ സ്വന്തമാക്കി. മൻപ്രീത് കൗർ, അങ്കിത, വികാസ് സിങ് വെങ്കലം നേടി. ഇന്ത്യയുടെ പുരുഷ-വനിതാ റിലേ ടീമുകളും മെഡലുകൾ നേടി. ആറ് സ്വർണവും 12 വെള്ളിയും ഒൻപത് വെങ്കലവുമാണ് ഇന്ത്യയുടെ അക്കൗണ്ടിലുള്ളത്. 2017-ൽ ഭുവനേശ്വറിൽ വെച്ച് നടന്ന ഏഷ്യൻ അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പിലും ഇന്ത്യ 27 മെഡലുകൾ നേടിയിരുന്നു.

16 സ്വർണവും 11 വെള്ളിയും 10 വെങ്കലവുമടക്കം 37 മെഡലുകളുമായി ജപ്പാനാണ് പട്ടികയിൽ ഒന്നാമത്. എട്ട് വീതം സ്വർണവും വെള്ളിയും ആറ് വെങ്കലവുമുള്ള ചൈന രണ്ടാം സ്ഥാനത്തെത്തി. ശ്രീലങ്ക നാലാം സ്ഥാനവും ഖത്തർ അഞ്ചാം സ്ഥാനവും സ്വന്തമാക്കി.

28 കാരിയായ ആഭ 18.06 മീറ്റർ ദൂരം കണ്ടെത്തിയാണ് വെള്ളി കഴുത്തിലണിഞ്ഞത്. താരത്തിന്റെ കരിയറിലെ ഏറ്റവും മികച്ച പ്രകടനമാണിത്. ചൈനയുടെ സോങ് ജിയായുവാൻ ഈ ഇനത്തിൽ സ്വർണം നേടി. ഇന്ത്യയുടെ തന്നെ മൻപ്രീത് കൗറിനാണ് വെങ്കലം.വനിതാ വിഭാഗം 200 മീറ്ററിലാണ് ജ്യോതി യാരാജി വെള്ളി നേടിയത്. നേരത്തേ വനിതകളുടെ 100 മീറ്റർ ഹർഡിൽസിൽ താരം സ്വർണം നേടിയിരുന്നു. 23.13 സെക്കൻഡിലാണ് താരം രണ്ടാമതെത്തിയത്. സിങ്കപ്പൂരിന്റെ വെറോണിക്ക ശാന്തി പെരേര ഈ ഇനത്തിൽ റെക്കോഡോടെ സ്വർണം നേടി. ജ്യോതിയ്ക്ക് പുറമേ പാറുൾ ചൗധരിയും ചാമ്പ്യൻഷിപ്പിലെ രണ്ടാം മെഡൽ സ്വന്തമാക്കി. 3000 മീറ്റർ സ്റ്റീപ്പിൽ ചേസിൽ സ്വർണം നേടിയ പാറുൾ 5000 മീറ്ററിൽ വെള്ളി നേടി. ഇന്ത്യയുടെ തന്നെ അങ്കിത ഈ ഇനത്തിൽ വെങ്കലം നേടി. പുരുഷന്മാരുടെ 5000 മീറ്ററിൽ ഇന്ത്യയുടെ ഗുൽവീർ സിങ് വെങ്കലം സ്വന്തമാക്കി.ഒളിമ്പിക് ചാമ്പ്യൻ നീരജ് ചോപ്രയുടെ അഭാവത്തിൽ പുരുഷ വിഭാഗം ജാവലിൻ ത്രോയിൽ മത്സരിച്ച ഇന്ത്യയുടെ ഡി.പി മനു 81.01 മീറ്റർ കണ്ടെത്തി വെള്ളി മെഡൽ കഴുത്തിലണിഞ്ഞു. 4*400 മീറ്റർ പുരുഷ റിലേയിൽ ഇന്ത്യ വെള്ളിയും വനിതാ റിലേയിൽ ഇന്ത്യ വെങ്കലവും സ്വന്തമാക്കി. 20 കിലോമീറ്റർ നടത്തത്തിൽ പുരുഷ വിഭാഗത്തിൽ ഇന്ത്യയുടെ വികാസ് സിങ് വെങ്കലവും വനിതാ വിഭാഗത്തിൽ പ്രിയങ്ക ഗോസ്വാമി വെള്ളിയും നേടി.

RNI No. 35157/10, Printer, Publisher and Cheif Editor P.T. Nizar, , Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.